പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 5 ആഗസ്റ്റ് 2022



LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

## ഏകീകൃത തദ്ദേശ വകുപ്പിന്റെ ലോഗോ പ്രകാശനം

## ജനകീയം 2022
സംസ്ഥാനതല ക്വിസ് മത്സരം

## നാം തിരുവോണത്തെ സമൃദ്ധമാക്കി




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ആഗസ്റ്റ് 2022

## അകത്ത്







നാം തിരുവോണത്തെ സമൃദ്ധമാക്കി
കെ.ആർ. രാജൻ 5

ജനകീയം 2022
സംസ്ഥാനതല ക്വിസ് മത്സരം 8

അതിദരിദ്രർക്കായി മൈക്രോപ്ലാൻ:
വികസനത്തിന്റെ കേരളമുഖം
ഹസൈൻ എം. മിന്നത്ത് 11

ഹരിതമിത്രം
സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം
ബി. മനോജ് 14

സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം
വാർഷികാഘോഷം കുടുംബശ്രീ നിർമ്മിച്ചത്
22 ലക്ഷം ദേശീയ പതാകകൾ
ആശ എസ്. പണിക്കർ 17

മാറുന്ന ലോകത്തെ സാക്ഷരത ചിന്തകൾ
ലോക സാക്ഷരതാ ദിനം സെപ്റ്റംബർ 8
ടി. ഷാഹുൽ ഹമീദ് 18

സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ
അഡ്വ: ഗൗരീനാഥൻ 21

പോസ്റ്റ് ഓഫീസിൽ പാഴ്സൽ പായ്ക്കിങ്ങിന്
കുടുംബശ്രീ 23

പുത്തൻ പ്രതീക്ഷയായി കർഷകദിനം
കെ. ആർ. ജയകുമാർ & സുനിൽ കെ. എം. 25

ലോകത്ത് സമാധാനം വിളിപ്പാടകലെയോ ?
ലോക സമാധാന ദിനം സെപ്റ്റംബർ 21 28

മഹാബലിയുടെ മാനവ മുഖം
ജയൻകുമാർ എസ്.കെ. 35

ഏകീകൃത തദ്ദേശ വകുപ്പിന്റെ
ലോഗോ പ്രകാശനം 38

ഓണം മലയാളിയെ ഓർമ്മിപ്പിക്കുന്നത്
മുരളീധരൻ തഴക്കര 40


**പംക്തികൾ**


എന്റെ മലയാളം 32
വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 25 37
എന്ന് വായനക്കാർ 42

ആഗസ്റ്റ് 2022
പുസ്തകം 62 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലൂ തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പോവല്ലേ, പോവല്ലേ പൊന്നോണമേ...

കന്യാകുമാരിയിലെ സൂര്യോദയം പോലെ, പിന്നെയും പൂക്കുന്ന കണിക്കൊന്ന പോലെ ആവർത്തനവിരസത ഉണ്ടാക്കാത്തതാണ് ഓണം, എന്ന് യശശ്ശരീരനായ മലയാളത്തിന്റെ പ്രിയകവി ശ്രീ.ഒ.എൻ.വി കുറുപ്പ് പറഞ്ഞത് എത്ര സത്യമാണ്. ഓരോ ഓണവും മലയാളിക്ക് പുതുമ തന്നെയാണ് സമ്മാനിക്കുന്നത്. 2018 ൽ നമുക്ക് മഹാപ്രളയം നേരിടേണ്ടി വന്നു 2019 ൽ കാലവർഷക്കെടുതി രൂക്ഷമായിരുന്നു. തുടർന്നുള്ള രണ്ട് വർഷങ്ങൾ കോവിഡ് മഹാമാരിക്കാലമായിരുന്നു. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മക ഇടപെടലിലൂടെ പേമാരിയും മഹാമാരിയും വിതച്ച ദുരിതങ്ങളെ നമ്മൾ അതിജീവിച്ചു. 2022 ൽ ആഘോഷങ്ങൾക്ക് മാറ്റ് കുറയ്ക്കാതെ, ആഹ്ലാദത്തോടെ, ആരവത്തോടെ തന്നെ മലയാളി ഓണം കൊണ്ടാടി.

പകിട്ട് ചോർന്നു പോകാതെ മലയാളികളുടെ ഓണത്തിന് കരുതലിന്റെ പൂക്കളം തീർത്ത് സംസ്ഥാന സർക്കാർ ഒപ്പം നിന്നു. രണ്ടു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൃത്യമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന അർഹിക്കുന്നവരുടെ കൈകളിലെത്തിച്ചു. സംസ്ഥാനത്ത് എല്ലാ ഭവനരഹിതർക്കും വാസയോഗ്യമായ വീട് അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി 2017 ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 'ലൈഫ് 2020' പ്രകാരം സർക്കാർ നടപടി സ്വീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 5 ലക്ഷത്തോളം ഭവനരഹിതർക്ക് വളരെ വേഗത്തിൽ വീട് അനുവദിക്കുന്നതിനുള്ള നടപടികളും അതോടൊപ്പം സ്ഥലം കണ്ടെത്തുന്നതിനും പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടു കൂടി മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ ഭൂമി കണ്ടെത്തുന്നതിനും, ഈ ആഘോഷവേളയിലും മുന്നിട്ടിറങ്ങിയത് സർക്കാർ ജനങ്ങൾക്കൊപ്പമാണെന്നതിനു തെളിവാണ്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാർഷിക മേഖലയിലെ ഇടപെടൽ ശക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ, ഓണത്തിന് ഒരു മുറം പച്ചക്കറി എന്നത് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പാക്കി. കുടുംബശ്രീയും ഹരിത കേരളം മിഷനും മികച്ച പിന്തുണ നൽകി.

എല്ലാ തിന്മകളുടെയും മീതെ വിജയം വരിക്കാൻ കരുത്തുള്ള പ്രതീക്ഷ പകരുന്നതാണ് ഓണം. ആഹ്ലാദത്തിന്റെ നിറവും പ്രകൃതിയുടെ സമൃദ്ധിയുമാണ് ഓണത്തിന്റെ മുഖമുദ്ര. കർക്കിടകത്തിന്റെ കാറും കോളും ഒഴിഞ്ഞ് പ്രകൃതി പ്രസന്നമാകുമ്പോൾ മനുഷ്യരുടെ മനസ്സും തെളിയുന്നു. ഓരോ മലയാളിയും പാടാൻ കൊതിച്ചുപോകുന്നു.

"പോവല്ലേ, പോവല്ലേ പൊന്നോണമെ"...

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**നിങ്ങളുടെ വാക്കുകൾ നിശബ്ദതയേക്കാൾ നല്ലതെങ്കിൽ മാത്രം സംസാരിക്കുക.**
- ഗാന്ധിജി



# നാം തിരുവോണത്തെ സമൃദ്ധമാക്കി

■ കെ.ആർ. രാജൻ

**ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൽ കൊടിപ്പടം താഴ്ത്തുവാൻ**

വൈലോപ്പിളളി ശ്രീധരമേനോൻ കുറിച്ച കന്നിക്കൊയ്ത്തിലെ വരികൾ ഓർമ്മിക്കാതെ 2022 ലെ ഓണക്കാലത്തെ കടന്നുപോകാനാവില്ല. കന്നിനെല്ലിനെ ഓമനിച്ചെത്തുന്ന കാറ്റുപറയുന്നതായി സങ്കല്പിച്ച് എഴുതിയ അവസാനത്തെ വരികൾ ദീർഘദർശിയായ കവിയുടെ ചിന്തയാണ്. പ്രളയവും പിന്നെ മഹാമാരിയും വിതച്ച ദുരിതപർവ്വങ്ങളെ അതിജീവിച്ച് തിരുവോണ ദിനത്തിനായി അണിഞ്ഞൊരുങ്ങിയ കേരളീയരുടെ അതിജീവന മന്ത്രമാണീ വരികളിൽ തുടിക്കുന്നത്. ഐതീഹ്യം ചരിത്രമല്ല, അതൊരു സ്വപ്നമാണ്. സമൃദ്ധമായ, സുഭിക്ഷമായ, സമത്വമായൊരു സുവർണ്ണകാലം. അതിർവരമ്പുകളില്ലാതെ മനുഷ്യനൊന്നാണെന്ന ബോധം. "വിത്തോരിത്തിരി വയ്ക്കുന്നു വീണ്ടും, പത്തിരട്ടിയായ് പൊൻവിളയിപ്പാൻ" കവിയുടെ കരുതൽ പോലെ തന്നെയാണീ ഓണക്കാലം.

തദ്ദേശഭരണ സ്ഥാപനങ്ങളും, കുടുംബശ്രീയും, സംസ്ഥാന സർക്കാരും നിരവധി സ്ഥാപനങ്ങളും കൈകോർത്തപ്പോൾ ഇന്നലെയുടെ നഷ്ടക്കണക്കുകൾ ഒഴിഞ്ഞുപോയി. ഓണക്കാലം വിലക്കയറ്റത്തിന്റെ നാളുകളാകുമെന്ന് നാലാംതൂണിലെ വിഷയവിദഗ്ധർ പ്രവചിച്ചിരുന്നത്. അങ്ങനെ ഗണിക്കാൻ അവർക്കൊരു പ്രതലവുമുണ്ടായിരുന്നു. ദേശീയ തലത്തിൽ രൂപയുടെ മൂല്യശോഷണം, നാ ണയപ്പെരുപ്പം, അനിയന്ത്രിതമായ വിലക്കയറ്റം, കൂടാതെ ജി.എസ്.ടിയിൽ ഭക്ഷ്യവിഭവങ്ങൾക്ക് ഏർപ്പെടുത്തിയ പുതിയ നികുതിഭാരം, ആഭ്യന്തര ഉല്പാദനതോതിലെ കുറവ് എന്നിവ. അവയെല്ലാം ഏറ്റവും കൂടുതൽ ബാധിക്കുക ഉപഭോഗ സംസ്ഥാനമായ കേരളത്തെയാണ്. ഗണിതശാസ്ത്രം തെറ്റാൻ വഴിയില്ല. വമ്പിച്ച വിലക്കയറ്റമെന്ന പാശുപതാസ്ത്രം തന്നെ മാദ്ധ്യമങ്ങളിൽ നിരന്തരമെത്തി. നിത്യോപയോഗ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം ദേശീയതലത്തിൽ ദിനംപ്രതി ഉയരുകയും കഴിഞ്ഞ മാർച്ചിൽ 7 ശതമാനം കടക്കുകയും ചെയ്തു. അരിയുടെ ക്ഷാമം പരിഗണിച്ചുള്ള നിയന്ത്രണം കേന്ദ്ര സർക്കാർ ഉത്തരവാക്കുകയും ചെയ്തപ്പോൾ കേരളം നേരിടാൻ പോകുന്ന വിപത്ത് അറിയാൻ കഴിഞ്ഞു. ഏപ്രിൽ മുതൽ സംസ്ഥാന സർക്കാരും, തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക മേഖലയിലെ ഇടപെടൽ സജീവമാക്കി. സുഭി



ക്ഷകേരളത്തിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" മത്സര സ്വഭാവത്തോടെ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുത്തു. കുടുംബശ്രീ മിഷനും ഹരിത കേരളം മിഷനും മികച്ച പിന്തുണ നൽകി. സഹകരണ സംഘങ്ങളുടേയും, ഇതര സ്ഥാപനങ്ങളുടെയും നേതൃത്വപരമായ ഇടപെടലും, സംസ്ഥാന സർക്കാരിന്റെ സ്ഥിരമായ അവലോകനവും കേരളമാകെ കാർഷികോല്പാദനത്തിന് മികച്ച നേട്ടം കൈവരിക്കാൻ സഹായിച്ചു. സെക്രട്ടറിയേറ്റ് വളപ്പിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പദ്ധതിയുടെ മികച്ച പതിപ്പുകൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഉണ്ടായിവന്നു. കൃഷിവകുപ്പിന്റെ വിലയിരുത്തൽ പ്രകാരം ഓണക്കാലത്തെ ഉല്പാദനം 2.32 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ വിഭവങ്ങളായി ഉയർന്നു. ഓണശേഷവും ഉല്പാദനം തുടരുന്നുണ്ട്.

ശ്രദ്ധയാകർഷിച്ച "കൃഷിക്കൊപ്പം കളമശ്ശേരി" എന്ന സമഗ്ര കാർഷിക വികസന പദ്ധതി ആരംഭിച്ചു. പഴം, പൂക്കൾ, പച്ചക്കറി, നെല്ല്, മുട്ട, പാൽ, മാംസം, മത്സ്യം എന്നിവയുടെ മികച്ച ഉല്പാദനമാണ് ലക്ഷ്യം. സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കർഷകരെ അംഗങ്ങളാക്കി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ത്രിതല പഞ്ചായത്തുകളും, നഗരസഭയും വിവിധ വകുപ്പുകളും ഇതിന്റെ ഭാഗമാണ്. ഭൂമി കൃഷിക്കനുയോജ്യമാക്കുന്ന പ്രവർത്തനം മുതൽ ഉല്പന്നങ്ങളുടെ വിപണിയും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നത് വരെയുള്ള എല്ലാ മേഖലയും

**ചരക്ക് കടത്തുകൂലിയിലും, പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനയും, ജി.എസ്.ടിയുടെ അമിതഭാരവും അറിയാതെ സാധാരണക്കാരന്റെ ഓണം സമൃദ്ധമായി. ദേശീയ വിലക്കയറ്റം 7.2 ശതമാനം ആയി ഉയർന്നപ്പോൾ കേരളം ഗ്രാമമേഖലയിൽ 5.3 ശതമാനം, നഗര മേഖലയിൽ 5.7 ശതമാനം എന്ന കുറഞ്ഞ നിലയിലായി.**

ഒരുപോലെ സന്നിവേശിപ്പിച്ച് നടപ്പാക്കുന്നു. ഉല്പന്നങ്ങളുടെ ബ്രാണ്ടിംഗ്, ഹൈടെക് കൃഷിരീതികൾ, അഗ്രിക്കൾച്ചറൽ ടൂറിസം, തൊഴിൽസേന, ആതുരസേവനം എന്നിവയെല്ലാം ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് നിർവ്വഹിക്കും. കേരളീയർക്ക് പ്രിയപ്പെട്ട പൂക്കൾ കൃഷി ചെയ്ത് നല്ല വിളവെടുപ്പ് നടത്തിയത് വാർത്തയായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ വിപണിയിലെ ഇടപെടൽ വിലക്കയറ്റം തടയുന്നതിന് പര്യാപ്തമായി. സിവിൽ സപ്ലൈ കോർപറേഷൻ ഓണക്കാലത്ത് വിലക്കയറ്റം തടയാൻ തയ്യാറെടുപ്പ് നടത്തി. സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യവിഭവങ്ങൾ വിതരണം ചെയ്തു. കൺസ്യൂമർഫെഡ് 13 ഇനം നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കി. 10 ശതമാനം മുതൽ 40 ശതമാനം മറ്റ് വിഭവങ്ങൾ വിലകുറച്ചും നൽകിയത് കമ്പോളവില ഉയരാതെ തടയുന്നതിന് സഹായിച്ചു. പ്രാദേശികമായി തദ്ദേശ ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും വിവിധ സഹകരണ സ്ഥാപനങ്ങൾ സംയുക്തമായും, പ്രത്യേകമായും ആരംഭിച്ച മൂവായിരത്തി അഞ്ഞൂറിലധികം ഓണച്ചന്തകൾ പ്രാദേശിക വിഭവങ്ങളുടെ വിപണന മേളയായി. പച്ചക്കറിയും ഓണവിഭവങ്ങളും ലഭ്യമാക്കി കുടുംബശ്രീ യൂണിറ്റുകൾ മുഖ്യ പങ്കുവഹിച്ചു. അന്യസംസ്ഥാനങ്ങളിലെ പച്ചക്കറി മൊത്തക്കച്ചവടക്കാരുടെ അനിയന്ത്രിതമായ ചൂഷണത്തെ തടയാൻ ഈ സംരംഭങ്ങൾക്കായി. പ്രാദേശിക വിഭവങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച കാർഷിക പദ്ധതികളുടെ മേന്മയാണ്. ഓണവിഭവങ്ങൾ കുടുംബശ്രീയുടെ സംരംഭവങ്ങളുമാണ്. ഓണാഘോഷത്തിന് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം, ഓരോ അയൽക്കൂട്ടങ്ങളിൽ ഒരു ഉല്പന്നമെങ്കിലും വിപണനമേളകളിൽ എത്തിച്ച് സംരംഭകർക്ക് വരുമാനം ലഭ്യമാക്കാനും കഴിഞ്ഞു. നഗര സി.ഡി. എസിന് 15000/- രൂപയും ഗ്രാമ സി.ഡി.എസിന് 12000/- രൂപ കുടുംബശ്രീ മിഷൻ നൽകിയിരുന്നു.

ചരക്ക് കടത്തുകൂലിയിലും, പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനയും, ജി.എസ്.ടിയുടെ അമിതഭാരവും അറിയാതെ സാധാരണക്കാരന്റെ ഓണം സമൃദ്ധമായി. ദേശീയ വിലക്കയറ്റം 7.2 ശതമാനം ആയി ഉയർന്നപ്പോൾ കേരളം ഗ്രാമമേഖലയിൽ 5.3 ശതമാനം, നഗര മേഖലയിൽ 5.7 ശതമാനം എന്ന കുറഞ്ഞ നിലയിലായി. പ്രാദേശിക വിഭവങ്ങളുടെ മേൽ ചരക്കുകടത്ത് കൂലി വർധനയോ ജി.എസ്.ടി യോ പ്രയോഗിക്കപ്പെടാത്തതിന്റെ ഗുണം വിപണിയിലെ വിലക്കയറ്റ പ്രവണതയെ തടഞ്ഞു. പൂഴ്ത്തിവയ്പ്പ് തടയാൻ നടത്തിയ ജാഗ്രത, മായം ചേർക്കൽ തടയാൻ ഫുഡ് സേഫ്റ്റി സ്ക്വാഡുകളുടെ നിരന്തര ഇടപെടൽ, ചെക്ക് പോസ്റ്റുകളിലെ കർശന പരിശോധനയും ഓണത്തെ സന്തോഷകരമാക്കി.









അൻപത്തി ഏഴ് ലക്ഷത്തിലധികം വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ സഹകരണ സംഘത്തിലൂടെ 3200/- രൂപ വീതം നൽകി. ഓണത്തിന്റെ ഭാഗമായി എല്ലാ വിഭാഗങ്ങൾക്കും വരുമാനം ലഭ്യമാക്കാനും കൃത്യമായി നടപടിയുണ്ടായി. കേരളം സാമ്പത്തികമായി പിന്നോക്കമാണ്. കടഭാരവും കൂടുതലാണ്. പക്ഷെ പ്രതിസന്ധിയില്ലെന്ന് കേരളത്തിന്റെ ധനമന്ത്രി വിശദമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികവിഹിതവും അനുവദിച്ചുവെന്നത് പ്രാധാന്യമുള്ളതാണ്. ഈ പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനം ഏറ്റെടുത്തതിൽ ഏറെ പ്രധാനം അതിദരിദ്രരെ കണ്ടെത്തി അവരെ സംരക്ഷിക്കുകയെന്ന പദ്ധതിയാണ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തന പന്ഥാവിലേക്ക് നീങ്ങുന്നതിനു മുമ്പ് തന്നെ നിരവധി തദ്ദേശസ്ഥാപനങ്ങൾ ഓണം അവരിലേയ്ക്കും എത്തിച്ചു. ഭവന സന്ദർശനം നടത്തി ഓണക്കോടിയും വിഭവങ്ങളും നൽകി ഓണം അവരുടേതുമാക്കി. തിരുവോണ സദ്യയൊരുക്കി അവരോടൊപ്പം ഭക്ഷണം കഴിച്ചും, ഓണാഘോഷങ്ങളിൽ പങ്കെടുപ്പിച്ചും മാതൃകയായവരും നിരവധിയുണ്ട്.

കഴിഞ്ഞ മൂന്നുവർഷമായി അവധി നൽകിയ ഓണഘോഷങ്ങൾ ആകർഷകമായി തിരിച്ചെത്തി. കലാസാംസ്കാരിക സംഘങ്ങൾ ഉണർത്തുപാട്ടുമായി നാട്ടിൻപുറങ്ങളേയും, നഗരത്തേയും ഹൃദ്യമാക്കി. സർക്കാരും ടൂറിസം പ്രൊമോഷൻ കൗൺസിലും വിപുലമായി കാഴ്ചയൊരുക്കി ഓണത്തെ വരവേറ്റു. പ്രാദേശിക ഓണംഘോഷയാത്രകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകി, ഒപ്പം കുടുംബശ്രീയും. "നല്ലവരല്ലാതെയില്ല പാരിൽ, ഭൂലോകമൊക്കെയുംമൊന്നു പോലെ". സമൃദ്ധമായ ഓണക്കാലത്തിനായി പരിശ്രമിച്ച ഏവർക്കും ഓണാശംസകൾ. □

*(ലേഖകൻ മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*



# ജനകീയം 2022

## സംസ്ഥാനതല ക്വിസ് മത്സരം

1969 ജൂലൈ ഇരുപത്തിയൊന്നാം തീയതി ചന്ദ്രനിൽ, പ്രശാന്തിയുടെ സമുദ്രത്തിൽ, ആദ്യമായി മനുഷ്യന്റെ പാദം സ്പർശിച്ചപ്പോൾ ഉയർന്ന സംഗീതം മുതൽ അപസർപ്പകഥകളുടെ രാജകുമാരി അഗതാ ക്രിസ്റ്റിയുടെ ഇഷ്ട കഥാപാത്രങ്ങൾ വരെ ചോദ്യോത്തരരൂപത്തിൽ അവതരിച്ചപ്പോൾ മറ്റൊരു അനുഭവപ്രപഞ്ചത്തിൽ സദസ്സ് ഇരുന്നു. ചരിത്രത്തിലൂടെ, ഇതര ജ്ഞാനമണ്ഡലങ്ങളിലൂടെ, ചടുലമായ വാക്കുകൾകൊണ്ട് ചിന്തയെ ജ്വലിപ്പിച്ച് ഗ്രാന്റ്മാസ്റ്റർ ജി. എസ്. പ്രദീപ്. തിരുവനന്തപുരം ജവഹർ സഹകരണ ഭവനിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് സംഘടിപ്പിച്ച സംസ്ഥാനതല ക്വിസ് മത്സരം 'ജനകീയം 2022' ആയിരുന്നു വേദി. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെയും, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെയും

> സ്വതസിദ്ധമായ രീതിയിൽ അവതാരകനായ ശ്രീ.ജി. എസ്. പ്രദീപ് ചോദ്യങ്ങൾ അവതരിപ്പിക്കുകയും, മത്സരാർത്ഥികളിൽ നിന്നും ഉത്തരം ലഭിക്കാതെ വന്ന അവസരങ്ങളിൽ സദസ്യരിൽ നിന്നും ഉത്തരം തേടുകയും ചെയ്തത് സദസ്സിന് ആവേശത്തോടെയും, കൗതുകത്തോടെയും മത്സരങ്ങൾ വീക്ഷിക്കുന്നതിന് അവസരമൊരുക്കി.

ഭാഗമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. ജനകീയം 2022 ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തുകൊണ്ട് വേദിയിൽ സംസാരിച്ച തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ശാരദ മുരളീധരൻ ഐ.എ.എസ്, അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ കേരളം കൈവരിച്ച നേട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെയും, ജീവനക്കാരുടെയും ഉത്തരവാദിത്തങ്ങൾ എന്നിവ ചൂണ്ടിക്കാണിക്കുകയുണ്ടായി. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ.രാജമാണിക്യം ഐ.എ.എസ്, പഞ്ചായത്ത് ഡയറക്ടർ ശ്രീ. എച്ച്.ദിനേശൻ ഐ.എ.എസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

നമ്മുടെ സംസ്ഥാനത്ത്, പുതുതലമുറയിലെ പൗരന്മാരിൽ അടിസ്ഥാന ഭരണ സംവിധാനമായ ഗ്രാമപഞ്ചായത്തുകളെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിച്ചെടുക്കാനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ട് സംഘടിപ്പി




VEED.IO
മെഗാ ക്വിസ്
ജനകീയം 2022









ച്ച ജനകീയം 2022 ക്വിസ് മത്സരത്തിൽ പെർഫോമൻസ് യൂണിറ്റ് തലത്തിലും ജില്ലാ തലത്തിലും പങ്കെടുത്ത് വിജയിച്ച ജനപ്രതിനിധികളും ജീവനക്കാരുമാണ് സംസ്ഥാനതല മത്സരത്തിൽ അറിവിന്റെ മാറ്റുരച്ചത്. പരമ്പരാഗത രീതിയിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ നിന്നും, മത്സരങ്ങളിൽ നിന്നും സംസ്ഥാനതല മത്സരം വ്യത്യസ്തമായത് അവതാരകനായി വന്ന ഗ്രാന്റ് മാസ്റ്റർ ജി.എസ്. പ്രദീപിന്റെ സാന്നിദ്ധ്യവും, മത്സരം വ്യത്യസ്തമായി സംഘടിപ്പിക്കണമെന്ന സംഘാടകരുടെ കാഴ്ചപ്പാടും കൊണ്ടാണെന്ന വസ്തുത പ്രത്യേക പരാമർശം അർഹിക്കുന്നു.

പതിനാല് ജില്ലകളിൽ നിന്നുള്ള ജനപ്രതിനിധികളും, ഉദ്യോഗസ്ഥരുമടങ്ങിയ രണ്ട് അംഗങ്ങൾ വീതമുള്ള ടീമുകളെ ഒന്നിച്ച് പങ്കെടുപ്പിച്ച് ഒറ്റ റൗണ്ടിൽ അവസാന വിജയികളെ കണ്ടെത്തുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് പ്രാഥമിക മത്സരം നടത്തി അതിലെ വിജയികളിൽ നിന്ന് അന്തിമ വിജയികളെ നിർണ്ണയിക്കുന്ന രീതിയാണ് അവതാരകൻ അവലംബിച്ചത്. പ്രാഥമിക റൗണ്ടിൽ തന്നെ മത്സരാർത്ഥികളെയും സദസ്യരെയും ആവേശത്തിലെത്തിക്കുന്നതിന് അവതാരകന് കഴിഞ്ഞു.

സ്വതസിദ്ധമായ രീതിയിൽ അവതാരകനായ ശ്രീ.ജി.എസ്. പ്രദീപ് ചോദ്യങ്ങൾ അവതരിപ്പിക്കുകയും, മത്സരാർത്ഥികളിൽ നിന്നും ഉത്തരം ലഭിക്കാതെ വന്ന അവസരങ്ങളിൽ സദസ്യരിൽ നിന്നും ഉത്തരം തേടുകയും ചെയ്തത് സദസ്സിന് ആവേശത്തോടെയും, കൗതുകത്തോടെയും മത്സരങ്ങൾ വീക്ഷിക്കുന്നതിന് അവസരമൊരുക്കി. മത്സരാർത്ഥികളും ഗംഭീര പ്രകടനമാണ് കാഴ്ച വെച്ചത്. അവതാരകനെ പോലും അതിശയിപ്പിക്കുന്ന രീതിയിൽ ഉത്തരങ്ങൾ വളരെപ്പെട്ടെന്ന് പറയുന്നതിന് ചില മൽസരാർത്ഥികൾക്കു കഴിഞ്ഞു. കണ്ടറിഞ്ഞും, കേട്ടറിഞ്ഞും, നേരിട്ടുള്ളതുമായ റൗണ്ടുകൾ ചിലപ്പോഴൊക്കെ മത്സരാർത്ഥികളെ നന്നെ വിഷമവൃത്തത്തിൽ പെടുത്തുന്നവയായിരുന്നു.

വകുപ്പുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങൾ പലപ്പോഴും വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മാത്രം ഒതുങ്ങുന്നവയാണ്. എന്നാൽ ഈ മത്സരം അതിൽ നിന്നെല്ലാം വിഭിന്നമായി വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് പുറമെ , ആനുകാലികം, സാഹിത്യം, കായികം തുടങ്ങി ബഹിരാകാശ വിഷയങ്ങൾവരെ സ്പർശിക്കുന്നവയായിരുന്നു.

യേശുദാസിന്റെ ഇംഗ്ലീഷിലുള്ള അവതരണം കേട്ട് ശബ്ദം തിരിച്ചറിയാനുള്ള ചോദ്യം, ലോ ക പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകനാദിയ മുഗാദിന്റെ പ്രസംഗം, കാൽപന്ത് മാന്ത്രികൻ ഡിഗോ മറഡോണയുടെ വിഖ്യാതമായ ദൈവത്തിന്റെ കൈ അവതരിപ്പിച്ച് വ്യക്തിയെ തിരിച്ചറിയുവാനുള്ള ചോദ്യം, ഇന്ത്യയിലെ ആദ്യ ട്രാൻസ് ജെൻഡർ പഞ്ചായത്ത് പ്രസിഡന്റ്, അങ്ങനെ ചോദ്യശരങ്ങൾ പെയ്തിറങ്ങി .ഉച്ചയൂണിന്റെ സമയം അധികരിച്ചിട്ടും അതൊന്നും അറിയാതെ ഒരേ മനസ്സോടെ മത്സരാർത്ഥികളും, സദസ്സും മത്സരത്തിന്റെ ആവേശത്തോടെ മുന്നോട്ടു പോയത് ശ്രദ്ധേയമാണ്.

മത്സരാർത്ഥികൾ ഗംഭീരപ്രകടനം കാഴ്ച വച്ച മത്സരത്തിൽ, കണ്ണൂർ ജില്ലയിലെ മൂപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി. റെജീന.കെ.വി, സീനിയർ ക്ലാർക്ക് ശ്രീ.സുജിത്.റ്റി എന്നിവർ അടങ്ങിയ ടീമാണ് ഒന്നാം സ്ഥാനം നേടിയത്. ഒന്നാം സമ്മാനമായി പതിനയ്യായിരം രൂപയും, ട്രോഫിയും സർട്ടിഫിക്കറ്റുമാണ് നൽകിയത്. പത്തനംതിട്ട ജില്ലയിൽ ഉൾപ്പെടുന്ന ആനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗം ശ്രീ. ദേവദാസ് മണ്ണൂരാൻ, ക്ലാർക്ക് ശ്രീ. മുഹമ്മദ് അനസ് എന്നിവരാണ് രണ്ടാം സ്ഥാനം നേടിയത്. പതിനായിരം രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതായിരുന്നു രണ്ടാം സമ്മാനം. മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീമതി. സരിതാ സുജി, ഹെഡ് ക്ലാർക്ക്, പ്രശാന്ത്. കെ.പി എന്നിവരുടെ ടീമിനാണ് ലഭിച്ചത്. അയ്യായിരം രൂപയും ട്രോഫിയും സർട്ടിഫിക്കറ്റുമായിരുന്നു സമ്മാനം.

മുൻകാലങ്ങളിൽ നിന്നും വഴിമാറി വളരെ വ്യത്യസ്തമായ രീതിയിൽ മത്സരം സംഘടിപ്പിച്ചത് എല്ലാവർക്കും നവ്യാനുഭവമായി. ഭാവിയിലും ഇത്തരത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വകുപ്പിന് ഉത്തേജനം പകരുന്നതായിരുന്നു മത്സരത്തിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ. ❑



# അതിദരിദ്രർക്കായി മൈക്രോപ്ലാൻ: വികസനത്തിന്റെ കേരളമുഖം

■ ഹുസൈൻ എം. മിന്നത്ത്

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ എണ്ണം കേരളത്തിൽ വളരെ കുറവാണ്. നീതി ആയോഗിന്റെ SDG ഡാഷ് ബോർഡ് നോക്കിയാൽ രാജ്യത്ത് ദാരിദ്ര്യം വളരെ കുറവുള്ള സംസ്ഥാനങ്ങളിൽ ഗോവക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ് കേരളം. കുടുംബശ്രീ, ആശ്രയ, അഗതി രഹിത കേരളം,തുടങ്ങി സംസ്ഥാനം നടപ്പിലാക്കിയ ദാരിദ്ര്യ ലഘൂകരണ പരിപാടികൾക്ക് ഇതിൽ വലിയൊരു പങ്കുണ്ട്.എന്നിരുന്നാലും കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന ചെറിയൊരു ശതമാനം സംസ്ഥനത്തുണ്ട് എന്ന തിരിച്ചറിവാണ്, 2021 ൽ അധികാരത്തിലേറിയ ഇടതുപക്ഷ സർക്കാർ ആദ്യ മന്ത്രിസഭാ യോഗത്തിൽ നടത്തിയ ശ്രദ്ധേയമായ പ്രഖ്യാപനമായിരുന്നു വരുന്ന അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്ത് നിന്നും അതിദാരിദ്ര്യം (Extream Poverty) പൂർണ്ണമായും തുടച്ച് നീക്കും എന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പല പദ്ധതികളിലും ദരിദ്രരുടെ ക്ഷേമം പൂർണ്ണമായും ഉറപ്പാക്കുന്നതിൽ പുറകോട്ട് പോകുന്നുണ്ട് എന്ന കണ്ടെത്തലും ഇത്തരം ഒരു സമീപനം സ്വീകരിക്കാൻ സർക്കാറിനെ ചിന്തിപ്പിക്കുകയുണ്ടായി. ഒരാളിന്റെ അതിജീവനത്തിന് അടിയന്തരമായുംവേണ്ട ആവശ്യമായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വരുമാനം എന്നീ നാല് ഘടകങ്ങൾ ഇല്ലാത്ത അവസ്ഥയിൽ ഉൾപ്പെടുന്നവരും സ്വന്തം അവകാശങ്ങളോ ആനുകൂല്യങ്ങളോ നേടി എടുക്കാൻ പ്രാപ്തിയില്ലാത്തവരും, അതേപോലെ ബാഹ്യ സഹായം ഇല്ലാതെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിൽ ഉള്ളവരെയുമാണ് അതിദരിദ്രർ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. ഇവരെ കണ്ടെത്തി നിലവിലെ അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുകയാണ് സർക്കാർ ഈ പ്രഖ്യാപനത്തിലൂടെ ലക്ഷ്യം വെച്ചത്. സംസ്ഥാനത്തെ അതിദാരിദ്ര്യരെ കണ്ടെത്തുന്നതിനായ് സ്വീകരിച്ച രീതിശാസ്ത്രം ഏറെ സവിശേഷത ഉള്ളതായിരുന്നു. ഇതിനായ് വിപുലമായ പ്രവർത്തനങ്ങളാണ് സമയബന്ധിതമായി സംസ്ഥാനത്ത് നടത്തിയത് തന്നെ. അതി

ദാരിദ്ര്യരെ കണ്ടെത്തുന്ന പ്രക്രിയയിൽ 13 ലക്ഷത്തിലധികം പേരാണ് പങ്കാളികളായി ട്ടുള്ളത്, കൂടാതെ ആറ് ലക്ഷത്തിലധികം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ പ്രാദേശിക സർക്കാർ വാർഡ്/ ഡിവിഷൻ തലത്തിൽ തന്നെ നടന്നിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെ ത്തിയ അതി ദാരിദ്ര്യരുടെ പട്ടിക ഗ്രാമസ ഭകൾ പരിശോധിച്ച് അംഗീകരിക്കുകയാണ് ഉണ്ടായത്. കുടുംബങ്ങളെ കണ്ടെത്തുന്നതിലും പട്ടികവർഗ്ഗം, തീരദേശ വാസികൾ, HIV ബാധിതർ, അനാഥ കുട്ടികളെ സംരക്ഷിക്കു ന്ന കുടുംബങ്ങൾ, ദരിദ്ര കുടുംബങ്ങൾ, നഗര ദരിദ്രർ എന്നിവർക്കെല്ലാം പ്രത്യേകമായ പരിഗണനകൾ നൽകി എന്നതും സർവ്വേ രീതി ശാസ്ത്രത്തിന്റെ പ്രത്യേകതകൾ തന്നെ യായിരുന്നു.

## അതിദാരിദ്ര്യ സർവ്വേ കണ്ടെത്തലുകൾ :

സംസ്ഥാനത്താകെ 64006 കുടുംബങ്ങ ളെയാണ് അതിതീവ്ര ദരിദ്ര വിഭാഗത്തിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ 15962 ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ നിന്നും 3527 നഗര ഡിവിഷനുകളിൽ നിന്നും നാമ നിർദ്ദേശം ചെയ്ത 1,18,309 പേരിൽ നിന്നും തദ്ദേശ സ്ഥാപന തലത്തിലുള്ള സബ് കമ്മി റ്റികൾ ശുപാർശ ചെയ്ത 87,1 58 കുടുംബങ്ങ ളിൽ നിന്നും ഗ്രാമ സഭകൾ പരിശോധിച്ച് അന്തിമമാക്കി ലിസ്റ്റ് ചെയ്യപ്പെട്ടതാണ് ഈ 64006 കുടുംബങ്ങൾ. സർവ്വേ റിപ്പോർട്ട് പരി ശോധിച്ചാൽ 8553 അതി ദരിദ്രകുടുംബങ്ങൾ ഉള്ള മലപ്പുറം ജില്ലയിലാണ് സംസ്ഥാനത്തെ 13.4% അതി ദരിദ്രരും വസിക്കുന്നത്. തിരുവ നന്തപുരം (11.4%) ആണ് രണ്ടാം സ്ഥാനത്ത് കോട്ടയം ജില്ലയിലാണ് അതിദരിദ്രർ ഏറ്റവും കുറവുള്ളത്. (1071 കുടുംബങ്ങൾ). സംസ്ഥാ നത്തെ 3500 വാർഡുകളിൽ അതി ദരിദ്രരേ ഇല്ല. സംസ്ഥാനത്തെ അതിദാരിദ്ര്യ കുടും ബങ്ങളിൽ 5% പട്ടിക വർഗ്ഗക്കാരും 20%. പട്ടിക ജാതിവിഭാഗക്കാരും 75% പൊതു വിഭാഗത്തിലും പെടുന്നു. ഇതിൽ 2737 കുടും ബങ്ങൾ തീരദേശ വാസികളും 315 പേർക്ക് തങ്ങളുടെ വിഭാഗം സംബന്ധിച്ച് യാതൊരു നിശ്ചയവുമില്ലാത്തവരുമാണ്.

അതിദരിദ്രരായി കണ്ടെത്തിയ കുടും ബങ്ങളിൽ 81% ഉം ഗ്രാമങ്ങളിലും 15% കുടുംബങ്ങൾ മുൻസിപ്പാലിറ്റികളിലും 4 % കോർപ്പറേഷൻ പ്രദേശത്തും താമസിക്കുന്ന വരുമാണ്. ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം, എന്നീ നാലു ക്ലേശ ഘടകങ്ങളുടെ

**അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ വഴി കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും നിലവിലെ അവരുടെ അതിദാരിദ്ര്യ അവ സ്ഥയിൽ നിന്നും മോചിപ്പിക്കു ന്നതിന് അവർ വസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാനുകൾ**

അടിസ്ഥാനത്തിൽ നോക്കിയാൽ അതിദാരി ദ്ര്യ സർവ്വേയിലൂടെ കണ്ടെത്തിയ 35% കുടുംബ ങ്ങളും വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാതെ കഷ്ടത അനുഭവിക്കുന്നവരാണ്. 24% കുടും ബങ്ങൾ കടുത്ത ആരോഗ്യ പ്രശ്നങ്ങളോ അവശതയോ അനുഭവിക്കുന്നവരും 21% പേർ ആഹാര ലഭ്യതയില്ലാത്തവരും 15% പേർ പര്യാപ്തമായ ഭവനങ്ങൾ ഇല്ലാത്തവരും 3% പേർ പ്രത്യേക ദുർബല വിഭാഗത്തിലും പെടുന്നവരാണ്. സർവ്വേയിലൂടെ കണ്ടത്തിയ കുടുംബങ്ങളിൽ 7316 കുടുംബങ്ങൾക്ക് റേഷൻ കാർഡും 7447 കുടുംബങ്ങൾക്ക് ആധാറും 21112 കുടുംബങ്ങൾക്ക് ഇലക്ഷൻ തിരിച്ച റിയൽ കാർഡും ഇല്ല .മേൽ പ്രതിപാദിച്ചിട്ടു ള്ള മൂന്ന് രേഖകളും ഒന്നും തന്നെ ഇല്ലാത്ത 4557 കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്. ഇതിൽ 990 പേർ പട്ടികജാതി കുടുംബവും 375 പട്ടിക വർഗ്ഗ കുടുംബവും ആണ്.

## മൈക്രോ പ്ലാൻ എന്തിന് ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ വഴി കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തിക ളെയും നിലവിലെ അവരുടെ അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് അവർ വസിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധ തിയാണ് മൈക്രോ പ്ലാനുകൾ. ഈ പദ്ധ തികളുടെ ഏറ്റവും പ്രധാന സവിശേഷത അവ സൂക്ഷ്മതല അതിജീവന പദ്ധതികൾ എന്നതിനും അപ്പുറം വ്യക്തി/ കുടുംബാധി ഷ്ഠിതവും പ്രത്യേക ആവശ്യങ്ങൾ നേടി എടുക്കുന്നതിന് വേണ്ടിയുള്ളതുമായിരിക്കും. ഇവ സമയബന്ധിതമായി ആസൂത്രണവും നിർവ്വഹണവും നടത്തേണ്ടതും സാമൂഹിക വിലയിരുത്തൽ നടത്തപ്പെടേണ്ടതുമാണ്. മൈക്രോ പ്ലാനിന് മൂന്ന് തലങ്ങളാണ് ഉള്ളത്.

1. ഉടൻ നടപ്പാക്കാവുന്ന സേവന പദ്ധ തികൾ. (Immediate Care Plan)
2. ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ. (Intermediate Care Plan)
3. ദീർഘകാല പദ്ധതികൾ. (Long Term Comprehensive Plan)

ഇവ എന്താണെന്ന് പരിശോധിക്കാം.

## ഉടൻ നടപ്പാക്കാവുന്ന സേവന പദ്ധതികൾ (Immediate Care Plan)

അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയ യുടെ (EPlP) ഭാഗമായി ശേഖരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് എളുപ്പത്തിൽ ലഭ്യമാക്കാവുന്ന സേവനങ്ങൾ നൽകുന്നതി നുള്ള പദ്ധതികളാണ് ഇതിൽ പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കേണ്ടത്. ഇവ മൂന്നു മാസത്തിനുള്ളിൽ നടപ്പിലാക്കാവുന്ന രീതിയിൽ വേണം ചിട്ടപ്പെടുത്തേണ്ടത്. അടിയന്തര അതിജീവന ഘടകങ്ങളായ ഭക്ഷണം,ചികിത്സ, താൽക്കാലിക അഭയം, പാലിയേറ്റീവ് കെയർ എന്നിവ ഉറപ്പാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, മുഖ്യമ ന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം, സാമൂഹ്യസുരക്ഷാ മിഷൻ പദ്ധ തികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊ ടുക്കൽ തുടങ്ങിയ പരിപാടികൾ ഏറ്റെടുക്കേ ണ്ടതാണ് കൂടാതെ റേഷൻകാർഡ്, ആധാർ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ്, മറ്റ് ഇൻഷ്വ റൻസുകൾ, തൊഴിൽ കാർഡ്, വോട്ടർ ID കാർഡ്, ബാങ്ക് അക്കൗണ്ട് എന്നീ അവകാശ രേഖകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും ഏറ്റെടുക്കേണ്ടതാണ്.

## ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Care Plan)

അതി ദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായി ശേഖരിക്കപ്പെട്ട വിവരങ്ങൾക്ക് പുറമേ ഓരോ കുടുംബത്തിന്റെയും അവസ്ഥ

കൂടുതൽ വിലയിരുത്തി വേണം ഇത്തരം പദ്ധതികൾ പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കേണ്ടത്. മൂന്നു മാസം മുതൽ രണ്ടു വർഷത്തിനുള്ളിൽ നടപ്പിലാക്കി അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും അവരെ മോചിപ്പിക്കാൻ ഉതകുന്ന പരിപാടികൾ ആയിരിക്കണം ഇവ. ഭൂമിയുള്ളവർക്ക് വീട് നൽകൽ,വീട് വാസയോഗ്യമാക്കൽ, കുടിവെള്ളം, വീട് വയറിംഗ്, പഠന സൗകര്യങ്ങൾ നൽകൽ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, സ്ഥിരമായ ചികിൽസയും, തുടർ ചികിത്സയും ലഭ്യമാക്കൽ, മാനസിക വെല്ലുവിളി നേരിടുന്നവരുടെ ചികിത്സയും പുനരധിവാസവും എന്നിവക്കൊക്കെ പ്രാധാന്യം നൽകുന്ന പദ്ധതികൾ ഹ്രസ്വകാല പദ്ധതികളുടെ ഭാഗമാക്കാം. ആരോഗ്യകാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ വരുമാനം നഷ്ടപ്പെട്ടവർക്ക് വരുമാനം ഉറപ്പാക്കുന്ന പദ്ധതികളും, അതിജീവന സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പരിപാടികളും ഏറ്റെടുക്കാം.



## ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)

അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റാൻ ദീർഘകാല ഇടപെടൽ ആവശ്യമാകുന്ന പരിപാടികളാണ് ഇതിൽ ഭാഗമാക്കേണ്ടത്.

അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായി ശേഖരിക്കപ്പെട്ട വിവരങ്ങൾക്ക് പുറമേ അർഹമായ കുടുംബങ്ങളുടെ കൂടുതൽ വിലയിരുത്തി ആസൂത്രണത്തിനും നിർവ്വഹണത്തിനും സമയം ആവശ്യമായ പരിപാടികളാണിവ. കുടുംബവുമായുള്ള ചർച്ചയിലൂടെ സമഗ്ര കാഴ്ചപ്പാടോടുകൂടി വേണം പദ്ധതികൾക്ക് രൂപം നൽകേണ്ടത്. പദ്ധതിയുടെ ഭാഗമായി വരുന്ന ഓരോ ഘടകങ്ങൾക്കും പ്രത്യേക ശ്രദ്ധയും നൽകേണ്ടതാണ്. പുനരധിവാസം, അടിസ്ഥാന സൗകര്യ വികസനം, വരുമാനദായക പദ്ധതികൾ, സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ എന്നിവയെ സമഗ്ര കാഴ്ചപ്പാടിലൂടെ തന്നെ കാണണം.

ചുരുക്കത്തിൽ ഒരു കുടുംബത്തിന് ഒരു പദ്ധതി, അങ്ങനെ ഓരോ പ്രാദേശിക സർക്കാറുകളും തങ്ങളുടെ തദ്ദേശ സ്ഥാപനങ്ങളിലെ മുഴുവൻ അതിദാരിദ്ര്യരുടെയും കുടുംബ പദ്ധതികൾ ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന അതിദാരിദ്ര്യ ഉപ പദ്ധതിക്ക് രൂപം നൽകണം. മൂന്ന് തലത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകുമ്പോൾ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സ്കീമുകൾ, പദ്ധതികൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കേണ്ടതാണ്. വലിയ തുക തന്നെ ചിലപ്പോൾ ഏറ്റെടുത്ത മൈക്രോ പ്ലാനുകൾ നടപ്പിലാക്കണമെങ്കിൽ പ്രാദേശിക സർക്കാറുകൾക്ക് ആവശ്യമായേക്കാം. തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ട്, ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം,തനത് വരുമാനം എന്നിവ കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതികൾ MP,MLA ഫണ്ട് എന്നിവയുടെ സാധ്യതകളും കൂടി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ജനകീയ വിഭവ സമാഹാരത്തിന്റെ സാധ്യതകളും, അതായത് സുമനസ്സുകളുടെ സംഭാവനകൾ, CSR ഫണ്ടുകൾ, NGO കൾ, സ്പോൺസർഷിപ്പുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ ധന സ്രോതസ്സുകളും പരിഗണിക്കാവുന്നതാണ്.

2030 തോടുകൂടി ഏവരുടെയും വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സുസ്ഥിര വികസനലക്ഷ്യങ്ങൾക്ക് രൂപം നൽകുകയുണ്ടായി. എന്നാൽ സുസ്ഥിര വികസനങ്ങൾ നേടി എടുക്കുന്നതിനായി പ്രാദേശിക സർക്കാറുകളുടെ പദ്ധതികളിൽ നയപരമായ ചില ഇടപെടലുകൾ നടത്തുക വഴി വികസനത്തെ സുസ്ഥിരമായ തലത്തിലേക്ക് തിരിച്ച് വിടുന്നതിനുള്ള ശ്രമങ്ങളാണ് കേരളം ചെയ്തതെന്ന് നമുക്ക് കാണാം. ഐക്യരാഷ്ട്രസഭ മുന്നോട്ട് വെക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളായ ദാരിദ്ര്യ നിർമ്മാർജ്ജനം, വിശപ്പില്ലായ്മ, ഭക്ഷ്യസുരക്ഷ, എല്ലാ പ്രായത്തിലുള്ളവരുടെയും ക്ഷേമം, ജലസംരക്ഷണം, മാന്യമായതൊഴിൽ, വ്യവസായവൽക്കരണം, ദുരന്ത തയ്യാറെടുപ്പ്, ജൈവവൈവിധ്യ സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ഗുണപരതയുള്ള വിദ്യാഭ്യാസം തുടങ്ങിയവ നേടി എടുക്കാനുള്ള വികേന്ദ്രീകൃതമായ ഒരു ഇടപെടൽ തന്നെയാണ് ആത്യന്തികമായി മൈക്രോ പ്ലാൻ ലക്ഷ്യമിടുന്നത്. കേരളം മുന്നോട്ടു വെക്കുന്ന സവിശേഷമായ രീതി ശാസ്ത്രവും സമീപനവും കൊണ്ട് നാളെ ലോകത്തിന് തന്നെ മാതൃകാപരമായ ഒരു പദ്ധതി ആവും 'മൈക്രോ പ്ലാൻ' എന്നതിന് ഒരു സംശയവും വേണ്ട...!! □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്)*



# ഹരിതമിത്രം
## സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം

■ ബി. മനോജ്

സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് നൂതന പ്രവണതകൾ കണ്ടുവരികയാണ്. അജൈവ മാലിന്യ സംസ്കരണ രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കുന്ന ഹരിതമിത്രം - സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം ആപ്പ് ഈ വിധം കൂടുതൽ ശ്രദ്ധേയമാവുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നിരീക്ഷിക്കാൻ ഉപകരിക്കുന്ന മൊബൈൽ ആപ്ലിക്കേഷനാണ് ഹരിതമിത്രം. സംസ്ഥാനത്ത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ നടന്നുവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, അവയുടെ ഭൗതിക സാമ്പത്തിക പുരോഗതി, പൊതുജനങ്ങൾക്കായുള്ള പരാതി പരിഹാര സെൽ തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ മേഖലയിലെ ഓരോ പ്രവർത്തനങ്ങളും അതത് സമയങ്ങളിൽ തന്നെ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംവിധാനത്തിലൂടെ സംസ്ഥാന തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തലം വരെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണിത്. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കില എന്നിവരുടെ സഹകരണത്തോടെ വികസിപ്പിച്ച ആപ്ലിക്കേഷനാണ് ഹരിതമിത്രം.

വീടുകൾ, കടകൾ, ആശുപത്രികൾ, ഓഡിറ്റോറിയങ്ങൾ, ആരാധനാലയങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങി മാലിന്യം രൂപപ്പെടുന്ന സ്ഥലങ്ങളുടേയും നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടേയും വിവരങ്ങൾ ഇതിലൂടെ ലഭ്യമാകും. ഹരിതകർമ്മസേനയുടെ യൂസർഫീ ശേഖരണം, കലണ്ടർ പ്രകാരമുള്ള പാഴ് വസ്തു ശേഖരണം തുടങ്ങിയ വിവരങ്ങളും ഇതിലൂടെ അറിയാൻ സാധിക്കും. യൂസർഫീ നൽകാത്ത വീടുകളേയും സ്ഥാപനങ്ങളേയും എളുപ്പത്തിൽ കണ്ടുപിടിക്കാനും വാതിൽപ്പടി ശേഖരണം കൃത്യമായി നടപ്പിലാക്കാനും ഇതിലൂടെ സാധിക്കും. ഉപഭോക്താക്കൾക്ക് സേവനം ആവശ്യപ്പെടുന്നതിനും പരാതികൾ അറിയിക്കുന്നതിനും ഇതിലൂടെ സാധ്യമാകും. കൂടാതെ മലിനീകരണ പ്രശ്നങ്ങൾ തദ്ദേശ സ്വയംഭരണ




സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സൗകര്യവുമുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങളുടെ സംഭരണ കേന്ദ്രങ്ങളായ എം.സി.എഫ്., മിനി എം.സി.എഫ്., തുടങ്ങിയവയുടെ ലൊക്കേഷൻ മാപ്പ്, മാലിന്യവും പാഴ് വസ്തുക്കളും നീക്കം ചെയ്യുന്നതിനുപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാര ദിശ ജി.പി.എസ്. സംവിധാനം ഉപയോഗപ്പെടുത്തി ട്രാക്ക് ചെയ്യൽ എന്നിവയും ഈ ആപ്ലിക്കേഷനിലൂടെ സാധ്യമാകും. മാലിന്യ സംസ്കരണ സേവനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള വിവരങ്ങൾ തത്സമയം കാണാൻ കഴിയുന്ന ഡാഷ് ബോർഡ് ഉൾപ്പെടെയുള്ള സമഗ്രമായ ഒരു വെബ്പോർട്ടൽ ഈ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായുണ്ടാകും.

ജനകീയ പങ്കാളിത്തത്തോടെയാണ് ഈ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനകീയ കൂട്ടായ്മകൾ, സംഘടനകൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെ കൂട്ടായ സഹകരണവും ഇതിന്റെ പിന്നിലുണ്ട്.

മാലിന്യം സംബന്ധിച്ചുള്ള വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഒരു ഡേറ്റാബേസ്, സേവനദാതാക്കൾക്കും ടെക്നീഷ്യൻമാർക്കുമുള്ള ടെക്നീഷ്യൻ ആപ്പ്, പൊതുജനങ്ങൾക്കായുള്ള കസ്റ്റമർ







ആപ്പ് തുടങ്ങിയവയും ഹരിതമിത്രത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്.

മാലിന്യം രൂപപ്പെടാൻ സാധ്യതയുള്ള മുഴുവൻ പ്രദേശങ്ങളും സന്ദർശിച്ച് വിവരങ്ങൾ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തും. വീടുകളുടേയും സ്ഥാപനങ്ങളുടേയും ജിയോ ലൊക്കേഷനും ഫോട്ടോയും ഉൾപ്പെടെയുള്ള വിവരങ്ങൾ ആപ്പിൽ രേഖപ്പെടുത്തും. മൊബൈൽ ആപ്പിൽ നിന്നും ലഭിക്കുന്ന ക്യൂ.ആർ.കോഡിന്റെ സ്റ്റിക്കർ വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിക്കും. ഇതാണ് ഹരിതമിത്രം പ്രവർത്തനത്തിന്റെ ആദ്യഘട്ടം. ക്യൂആർ. കോഡ് സ്കാൻ ചെയ്യുമ്പോൾ കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർപ്രവർത്തനങ്ങൾ.

ഹരിതകർമ്മസേന ഉൾപ്പെടെയുള്ള സേവന ദാതാക്കൾക്ക് ഉപയോഗിക്കാൻ കഴിയുംവിധത്തിലുള്ള സേവനങ്ങളാണ് ഹരിതമിത്രത്തിലൂടെ യാഥാർത്ഥ്യമാകുന്നത്. നിശ്ചിത തീയതികളിൽ സന്ദർശിക്കേണ്ട പ്രദേശങ്ങൾ, നൽകേണ്ട സേവനങ്ങൾ, ഉപഭോക്താക്കൾ ഉന്നയിച്ചിട്ടുള്ള പരാതികൾ തുടങ്ങിയവയെല്ലാം സേവനദാതാക്കൾക്ക് ഈ ആപ്ലിക്കേഷനിലൂടെ ലഭ്യമാകും. ഓരോ സ്ഥലത്തുനിന്നും ശേഖരിക്കുന്ന പാഴ് വസ്തുക്കളുടേയും മാലിന്യത്തിന്റെയും അളവ്, തരം, അവിടെ നൽകിയ സേവനങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ ഇതിൽ രേഖപ്പെടുത്താൻ കഴിയും. ശേഖരിച്ച യൂസർഫീ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനും ഇതിൽ സൗകര്യമുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും ഓരോ പ്രദേശത്തും നടക്കുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ദൈനംദിന അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ സംസ്ഥാന അടിസ്ഥാനത്തിലോ വിലയിരുത്താനുള്ള സൗകര്യമാണ് ഇതിലൂടെ ലഭ്യമാകുന്നത്.

ഉപഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ യഥാസമയം ആവശ്യപ്പെടുന്നതിനും സേവനലഭ്യതയിലുണ്ടാകുന്ന കാലതാമസം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനും ഹരിതമിത്രം സഹായകരമാകും. ഓരോ പ്രദേശത്തും ഏത് ദിവസം ഏത് തരം പാഴ് വസ്തു ശേഖരണം നടക്കും എന്നതുൾപ്പെടെയുള്ള വിവരവും ഇതിൽ ലഭ്യമാകും. വാതിൽപ്പടി ശേഖരണം വഴി ശേഖരിക്കുന്ന പാഴ് വസ്തുക്കൾ സുരക്ഷിതമായി സംസ്കരിക്കപ്പെടുന്നതുവരെയുള്ള വിവരങ്ങൾ കൃത്യമായി നിരീക്ഷിക്കാനുള്ള സംവിധാനവും ഈ ആപ്പിലുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരിനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ വിവര സ്രോതസ്സായും ഈ ആപ്പ് പ്രയോജനപ്പെടും. ഏകീകൃത ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നിരീക്ഷിക്കാൻ കഴിയുന്ന ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം രാജ്യത്തിന് തന്നെ മാതൃകയായി സംസ്ഥാനമൊട്ടാകെ വൈകാതെ തന്നെ വ്യാപകമാകും. ☐

*(ലേഖകൻ ഹരിത കേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ്)*







### സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികാഘോഷം

# കുടുംബശ്രീ നിർമ്മിച്ചത് 22 ലക്ഷം ദേശീയ പതാകകൾ


■ **ആശ എസ്. പണിക്കർ**

സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് സംഘടിപ്പിച്ച 'ഹർ ഘർ തിരംഗ' യുടെ ഭാഗമായി കുടുംബശ്രീ നിർമ്മിച്ചത് 22 ലക്ഷം ദേശീയ പതാകകൾ. സംസ്ഥാനത്തെ വിവിധ സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതിനു വേണ്ടിയാണിത്. ആഗസ്റ്റ് പന്ത്രണ്ടിനകം വിതരണം പൂർത്തിയാക്കണമെന്ന നിർദേശ പ്രകാരം ഓർഡർ നൽകിയ എല്ലാ സ്ഥാപനങ്ങളിലേക്കുമുള്ള പതാകകൾ തയ്യാറാക്കി വിതരണം ചെയ്തു.

ആഗസ്റ്റ് പതിമൂന്ന് മുതൽ പതിനഞ്ചു വരെ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങളിലും ദേശീയ പതാക ഉയർത്തണമെന്ന സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് ദേശീയ പതാക നിർമ്മിക്കാനുള്ള അവസരം കൈവന്നത്. കുടുംബശ്രീക്ക് കീഴിലുള്ള അഞ്ഞൂറിലേറെ തയ്യൽ യൂണിറ്റുകളിൽ നിന്നായി മൂവായിരത്തോളം അംഗങ്ങൾ മുഖേനയായിരുന്നു പതാക നിർമ്മാണം. അതത് തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് ഓർഡർ ലഭിച്ചത്.

ജില്ലാ മിഷൻ ഉദ്യോഗസ്ഥർ, കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹികൾ, യൂണിറ്റ് അംഗങ്ങൾ എന്നിവരുടെ പിന്തുണയോടെയാണ് പതാക നിർമ്മാണവും വിതരണവും പൂർത്തീകരിച്ചത്. ഓരോ ജില്ലയിലും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കായിരുന്നു ഇതിന്റെ ഏകോപന ചുമതല. □

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*



# മാറുന്ന ലോകത്തെ സാക്ഷരത ചിന്തകൾ

## ലോക സാക്ഷരതാ ദിനം സെപ്തംബർ 8

■ ടി. ഷാഹുൽ ഹമീദ്

### ആമുഖം

ലോകത്ത് എഴുതാനും വായിക്കുവാനും അറിയാത്ത 781 ദശലക്ഷം പേർ ഉണ്ട് എന്നാണ് യുനോസ്കോയുടെ കണക്ക്, അതിൽ ബഹുഭൂരിഭാഗവും സ്ത്രീകളാണ് എന്നത് 2022ലെ ലോക സാക്ഷരതാ ദിനത്തിൽ ലോകത്തിന് മുമ്പിൽ ചോദ്യചിഹ്നമായി മാറുന്നു.

വികസന പരിപ്രേക്ഷ്യത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒരു ആയുധമാണ് സാക്ഷരത. ആധുനിക ഡിജിറ്റൽ യുഗത്തിൽ വിവരസാങ്കേതിക വിദ്യകൾ മനുഷ്യജീവിതത്തിലെ അഭിവാജ്യ ഘടകമായ സന്ദർഭത്തിൽ, സാങ്കേതിക വിദ്യ അറിയാത്തവർ അനുഭവിക്കുന്ന അറിവില്ലായ്മയും കൂടി കൂട്ടി വായിച്ചാൽ നിരക്ഷരതയുടെ വ്യാപ്തി വർദ്ധിക്കുന്നതാണ്. ലോകത്ത് ഇന്ന് ഡിജിറ്റൽ വിഭജനം യാഥാർത്ഥ്യമായിരിക്കുന്ന സന്ദർഭത്തിൽ ജനസംഖ്യയിലെ വലിയ വിഭാഗത്തിന് പുത്തൻ അറിവുകളിലേക്ക് പ്രവേശിക്കുന്നതിനുള്ള വിവിധ സംവിധാനങ്ങൾ അപരിചിതമായിരിക്കുന്ന ഘട്ടത്തിലാണ് ലോകത്തെ വിവിധ രാജ്യങ്ങൾ എത്തി നിൽക്കുന്നത്.

### ഇന്നത്തെ അവസ്ഥ

ഐക്യരാഷ്ട്രസഭ 2030 ൽ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളിൽ നാലാം സ്ഥാനത്തുള്ള വിദ്യാഭ്യാസവുമായി ഇഴ ചേർന്ന് നിൽക്കുന്നതാണ് സാക്ഷരത. യുനോസ്കോവിന്റെ കണക്ക് പ്രകാരം 24 ദശലക്ഷം പേർ കോവിഡിന് ശേഷം തിരിച്ച് വിദ്യാഭ്യാസത്തിലേക്ക് പോകാൻ കഴിയാത്തവരായിട്ടുണ്ട്, അതിൽ 11 ദശലക്ഷം പേർ വനിതകളാണ്. എഴുതാനും വായിക്കാനും ശ്രദ്ധിക്കാനും സംസാരിക്കുവാനുമുള്ള കഴിവിനെയാണ് സാക്ഷരത എന്ന് പറയുന്നത്. യുനോസ്കോവിന്റെ അഭിപ്രായത്തിൽ അച്ചടിച്ചതോ എഴുതപ്പെട്ടതോ ആയ ഭാഷ, സന്ദർഭോചിതമായി മനസ്സിലാക്കുവാനും ബോധ്യമാകുവാനും സൃഷ്ടിക്കുവാനും വിനിമയം ചെയ്യുവാനും ഗണിക്കുവാനും ഉപയോഗിക്കുവാനുമുള്ള കഴിവിനെയാണ് സാക്ഷരത എന്ന് വിവക്ഷിക്കുന്നത്. ഒരു വ്യക്തിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് അറിവും ശേഷിയും വർദ്ധിപ്പിക്കുവാനും അങ്ങനെ സമൂഹത്തിന്റെ ഭാഗമാകാനുതകുന്ന അവസരങ്ങൾ നേടുന്നതിനുമുള്ള നിരന്തര പഠനങ്ങൾ ഉൾക്കൊള്ളുന്നതാണ് സാക്ഷരത.



## സാങ്കേതിക വിടവ് യാഥാർഥ്യമാണോ?

പുതു സാധാരണത്വത്തെ (New normal) ജീവിതത്തിന്റെ ഭാഗമാക്കുവാൻ സമയം വേണ്ടിവരും. അറിവിന്റെ ഡിജിറ്റൽ വിടവ് യാഥാർത്ഥ്യമായിരിക്കുന്ന ഘട്ടത്തിലാണ് സാക്ഷരത എന്ന പഴയ സങ്കല്പത്തിൽ പുതിയ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നവരും അതിന് വിവിധ കാരണങ്ങളാൽ സാധിക്കാത്തവരും തമ്മിലുള്ള വിടവ് കുറക്കുക എന്നത് സാക്ഷരത ലക്ഷ്യം പോലെ കൈവരിക്കേണ്ട ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ് എന്ന് ലോകം തിരിച്ചറിഞ്ഞ ഘട്ടത്തിലാണ് ലോക സാക്ഷരതാ ദിനം സെപ്റ്റംബർ എട്ടിന് ആചരിക്കുന്നത്.

പഴയ പള്ളിക്കൂടങ്ങളിലെ മണ്ണെഴുത്തിൽ നിന്ന് സ്ലേറ്റിലേക്കും നോട്ടുപുസ്തകത്തിലേക്കും അവിടെനിന്ന് ബ്ലാക്ക് ബോർഡും മാർക്കർ ബോർഡും കടന്ന് ഇന്ന് വെർച്വൽ സ്ക്രീനുകളിലേക്ക് വിദ്യാഭ്യാസം എത്തിനിൽക്കുമ്പോൾ, ഈ മാറ്റങ്ങളെ ഓരോ കാലഘട്ടത്തിലും ഉൾക്കൊള്ളാൻ ആവാതെ പോയവരെയും വൈകിപോയവരെയും കൃത്യമായി പരിഗണിച്ചാലെ ലോകത്ത് തുല്യനീതിയോടെയുള്ള സാക്ഷരതാ പ്രവർത്തനം യാഥാർത്ഥ്യമാവുകയുള്ളൂ.

പ്രമുഖ കമ്മ്യൂണിക്കേഷൻ വിദഗ്ധൻ എവററ്റ് റോജേഴ്സ് മുന്നോട്ടുവെച്ച ഡിഫ്യൂഷൻ ഓഫ് ഇന്നവേഷൻ (Diffussion of innovation )എന്ന സിദ്ധാന്തപ്രകാരം ഒരു പുതിയ ആശയത്തെ സ്വീകരിക്കുവാൻ ജനങ്ങൾ മടിച്ചു നിൽക്കാം, സാമ്പ്രദായിക രീതിയിലുള്ള സാക്ഷരത നേടിയവരും ലോകം അതിവേഗത്തിൽ ഡിജിറ്റൽ യുഗത്തിലേക്ക് പോകുമ്പോൾ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ അതിന് സാധിക്കാതെ പോയവരെയും ചേർത്തു പിടിക്കേണ്ടത് അനിവാര്യമാണ്. വിവര സാങ്കേതിക സാക്ഷരതയുടെ അഭാവം ഒരു സാമൂഹ്യ അസമത്വമായി ലോകത്ത് മുഴച്ചു നിൽക്കുന്നു. ലോകത്തെ മൂന്നിലൊന്ന് ജനങ്ങളും ഏതെങ്കിലും തരത്തിലുള്ള നിരക്ഷരത നേരിടുന്നവരാണ്.

## ലക്ഷ്യം അകലെ

1946ൽ യുനെസ്കോ പിറവിയെടുത്ത് 75 വർഷം കഴിഞ്ഞിട്ടും, 1965ൽ നിരക്ഷരത നിർമ്മാർജനത്തിനായി ലോക വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗം ഇറാനിലെ ടെഹ്റാനിൽ വച്ച് സെപ്റ്റംബർ എട്ടിന് നടന്ന് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ലോകത്ത് നിരക്ഷരത പൂർണമായും നിഷ്കാസനം ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസ്തുത യോഗം ചേർന്നതിന്റെ ഓർമ്മക്കായാണ് സെപ്റ്റംബർ 8 ലോക സാക്ഷരതാ ദിനമായി ആചരിക്കുന്നത്, 2022ലെ സാക്ഷരതാ ദിനത്തിന്റെ മുദ്രാവാക്യം "സാക്ഷരത പഠന ഇടങ്ങളെ പരിവർത്തനം ചെയ്യുക "എന്നതാണ്, പുതിയ കാഴ്ചപ്പാടോടെ നവസാക്ഷരർക്ക് സാക്ഷരതയോടൊപ്പം ആധുനികകാലത്ത് സഞ്ചരിക്കുവാനുള്ള പ്രാപ്തി ഉണ്ടാക്കി കൊടുക്കുവാൻ ഈ മുദ്രാവാക്യം ലോകരാജ്യങ്ങളെ ആഹ്വാനം ചെയ്യുന്നു. 2021ൽ മനുഷ്യ കേന്ദ്രീകൃതമായ വീണ്ടെടുക്കലിനുള്ള സാക്ഷരത എന്ന മുദ്രാവാക്യത്തിൽ നിന്ന് സാക്ഷരതാ പ്രവർത്തനത്തിൽ കാലികമായ പരിവർത്തനം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം 2022ലെ സാക്ഷരത സന്ദേശം വിളിച്ചോതുന്നു,ലോകത്ത് ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം 2019 ൽ 54% ത്തിൽ നിന്ന് 2021ൽ 63% ആയി വർധിച്ചത് ഈ മേഖലയിലെ ശുഭാപ്തിയോടെയുള്ള വിജയകുതിപ്പാണ്, പക്ഷേ ഇന്റർനാഷണൽ ടെലി കമ്മ്യൂണിക്കേഷൻ യൂണിയൻ (I T U) കണക്ക് പ്രകാരം അവികസിത രാജ്യങ്ങളിലെ യുവജനങ്ങളിൽ 34%പേർ മാത്രമാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നതെങ്കിൽ വികസിത രാജ്യങ്ങളിൽ ഇത് 99% ആണ്, ഇത് പുതിയ മാറ്റങ്ങളെ ഉൾക്കൊള്ളുന്നതിലും രാജ്യ പുരോഗതി നേടുന്നതിലും രാജ്യങ്ങൾ തമ്മിലുള്ള അസമത്വത്തിന് കാരണമാകുമെന്ന് കണക്കാക്കപ്പെടുന്നു. എല്ലാവരെയും ഉൾപ്പെടുത്തി തുല്യമായ ഗുണനിലവാരത്തോടെ ജീവിതാവസാനം വരെ യുക്തമായ വിദ്യാഭ്യാസം ഉണ്ടാക്കുവാൻ

**ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനം കേരളമാണ് 97.4 ശതമാനം, ഈ നേട്ടത്തിന്റെ മാറ്റുകൂട്ടുന്നത് സ്ത്രീ സാക്ഷരതയിൽ 95.2% ആണ് എന്നതിലാണ് ഇന്ത്യയിലാകെ 70.3 1% മാത്രമാണ് സ്ത്രീ സാക്ഷരത.**


ശ്രമിക്കുന്ന ഘട്ടത്തിൽ ജനങ്ങൾക്കിടയിലുള്ള സാങ്കേതിക വിടവ് ഭൂഷണമല്ല.

സാക്ഷരത പ്രവർത്തനത്തിൽ നാല് തരം സമീപനമാണ് ഇന്ന് രാജ്യങ്ങൾ സ്വീകരിക്കുന്നത്, എഴുതുവാനും വായിക്കുവാനുമുള്ള അറിവിന് അപ്പുറം ഡിജിറ്റൽ സാക്ഷരത ഒരു പ്രഥമ ഗണനീയമായ സാക്ഷരതാ പ്രവർത്തനമായി മാറിയിരിക്കുകയാണ്, കൂടാതെ സാമ്പത്തിക സാക്ഷരത ആധുനികകാലത്ത് എല്ലാം വിരൽത്തുമ്പിലാകുന്ന സമയത്ത് ജനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്, അതോടൊപ്പം സാംസ്കാരിക സാക്ഷരത കൂടി അനിവാര്യമായ ഒരു കാലഘട്ടത്തിലാണ് വിവിധ രാജ്യങ്ങൾ കടന്ന് പോകുന്നത് എന്നത് സാക്ഷരതാ പ്രവർത്തകർക്ക് ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുവാനുള്ള ഒരു ദിനമാണ് സാക്ഷരതാ ദിനം എന്ന് ഓർമ്മപ്പെടുത്തുന്നു.

സാക്ഷരത ദാരിദ്ര്യത്തിൽ നിന്നും പുറത്തു കടക്കുവാനുള്ള രക്ഷാകവചമാണ്, സാമ്പ്രദായിക ജോലികളിൽ ബഹുഭൂരിഭാഗവും അപ്രത്യക്ഷമാകുന്ന ആധുനിക ജീവിത കാലഘട്ടത്തിൽ, സാധാരണക്കാരന്റെ ജീവനോപാധി പ്രക്രിയക്ക് പുതു ഡിജിറ്റൽ സാക്ഷരത അനിവാര്യമാണ്. ലോകത്ത് 60.7 മില്യൺ കുട്ടികൾ സ്കൂൾ സംവിധാനത്തിൽ നിന്നും പുറത്താണ് എന്ന റിപ്പോർട്ട് ,ജനിച്ചുവീഴുന്ന ഓരോ കുട്ടിയെയും പ്രാഥമിക വിദ്യാഭ്യാസ സരണിയിലേക്ക് കൊണ്ടുവരുവാനുള്ള യോജിച്ച ജാഗ്രതയോടെയുള്ള പ്രവർത്തനം അന്താരാഷ്ട്ര തലത്തിൽ നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി വന്നിരിക്കുകയാണ്.

## ഇന്ത്യയുടെ അവസ്ഥ

5 ജി സ്പെക്ട്രം ലേലത്തിലൂടെ 325,000 കോടി ഖജനാവിൽ എത്താൻ പോകുന്ന സമയത്ത്, ഇന്റർനെറ്റ് ഡാറ്റക്ക് ഒരു GB ക്ക് 11 രൂപ മാത്രം ചെലവ് വരുന്ന രാജ്യത്ത്, ചൈന കഴിഞ്ഞാൽ ഏറ്റവും വലിയ ഓൺലൈൻ മാർക്കറ്റ് ആയ ഇന്ത്യയിൽ, സ്ത്രീകളുടെ സാക്ഷരത 70.30 ശതമാനമാണ് എന്നത് ലക്ഷ്യ പ്രയാണത്തിൽ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നത് വിളിച്ചോതുന്ന സോഷ്യൽ മീഡിയയെ ബഹു ഭൂരിഭാഗം ജനങ്ങളും ഉപയോഗിക്കുമ്പോഴും, ലോകത്തിന്റെ വൻകിട കമ്പനിക്കാരുടെ തലപ്പത്ത് ഇന്ത്യക്കാരായിട്ടുള്ള ആളുകൾ ജോലി ചെയ്യുമ്പോഴും സ്ത്രീകളുടെ സാക്ഷരത നിരക്ക് കുറഞ്ഞത്



വളരെ പ്രയാസപ്പെടുത്തുന്നു .1950 /51 ൽ ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ ഒരു ആൺകുട്ടിക്ക് 0.41 പെൺകുട്ടിയാണ് വിദ്യാഭ്യാസ പ്രക്രിയയിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 1.02 പെൺകുട്ടിയായി വർദ്ധിച്ചത് സ്ത്രീകളുടെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ പുരോഗതി ഉണ്ട് എന്നതിന്റെ ദൃഷ്ടാന്തമാണ്. 1951ൽ 18.3% സാക്ഷരതയുണ്ടായിരുന്ന ഇന്ത്യയിൽ ഇന്ന് സാക്ഷരത നിരക്ക് 77.7 ശതമാനമാണ് .1947ൽ ഇന്ത്യയിൽ അഞ്ചിൽ നാല് പേരും നിരക്ഷരായിരുന്നുവെങ്കിൽ ഇപ്പോൾ വലിയ മാറ്റം ഉണ്ട്. എങ്കിലും ജാർഖണ്ഡിലെ സാക്ഷരതാ നിരക്ക് 66.41% വും തെലുങ്കാനയിൽ 66.54 ശതമാനവും മാത്രമാണ് എന്നത് സാക്ഷരതാ പ്രവർത്തകരെ നിരാശപ്പെടുത്തുന്നു. യുനോസ്കോവിന്റെ അഭിപ്രായത്തിൽ 2060 ൽ മാത്രമേ ഇന്ത്യ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ നിലവിലുള്ള അവസ്ഥയിൽ സാധിക്കുകയുള്ളൂ. ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ വിദ്യാഭ്യാസ സംവിധാനം ഉള്ള ഇന്ത്യയിൽ നിരക്ഷരത എല്ലാ അർത്ഥത്തിലും തുടച്ചു മാറ്റേണ്ടത് അനിവാര്യമാണ്.

## മുൻപേ നടന്ന് കേരളം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനം കേരളമാണ് 97.4 ശതമാനം, ഈ നേട്ടത്തിന്റെ മാറ്റുകൂട്ടുന്നത് സ്ത്രീ സാക്ഷരതയിൽ 95.2% ആണ് എന്നതിലാണ് ഇന്ത്യയിലാകെ 70.31% മാത്രമാണ് സ്ത്രീ സാക്ഷരത. 105വയസ്സുള്ള ഭാഗിരഥി അമ്മ കേരളത്തിലെ സ്ത്രീ സാക്ഷരത മുന്നേറ്റത്തിന്റെ പ്രതീകമാണ്. കേരളം നേട്ടത്തിന്റെ നെറുകയിലെത്തിയെങ്കിലും ജനസംഖ്യയിൽ 1.14 ശതമാനം വരുന്ന ആദിവാസികളിൽ 71 ശതമാനം മാത്രമാണ് സാക്ഷരത നേടിയിട്ടുള്ളത്. 1991 ഏപ്രിൽ 18ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിക്കുകയും ,1989 ജൂൺ 18ന് അക്ഷര നഗരമായി കോട്ടയവും 1996 ഫെബ്രുവരിയിൽ എറണാകുളം ജില്ല ഇന്ത്യയിലെ പ്രഥമ സാക്ഷര ജില്ലയായി പ്രഖ്യാപിച്ചെങ്കിലും കൊറിയയെ പോലെയും സ്കാന്ഡിനേവിയൻ രാജ്യങ്ങളെ പോലെയും കേരളം 100% സാക്ഷരത നേടുന്ന ദിനത്തിനായി ലോകം കാത്തിരിക്കുന്നു.

വികസനത്തിന് ഒഴിച്ചുകൂടാനാവാത്ത സാമൂഹ്യ സംഘാടനത്തിൽ അഭിവാജ്യ ഘടകമായ സാക്ഷരത അക്ഷരക്കൂട്ടങ്ങളെ വായിക്കുവാനും എഴുതുവാനുമുള്ള കഴിവിനെക്കാൾ അപ്പുറത്ത് ശാക്തീകരണ പ്രവർത്തനത്തിന്റെ പുതിയ സാധ്യതകൾ എന്താണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ മാത്രമേ സാക്ഷരതാ ദിനം സാർത്ഥകമാവുകയുള്ളൂ. ☐

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*



# സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

■ അഡ്വ: ഗൗരീനാഥൻ

പല തൊഴിൽ മേഖലകളിലും സ്ത്രീസൗഹൃദ തൊഴിലിടങ്ങളാണോ എന്ന പരിശോധനകൾ ഇന്ത്യയിലുടനീളം നടക്കുന്നുണ്ടത്രേ. നല്ല കമ്പനികൾ സ്ത്രീസൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചാൽ മാത്രമേ മികച്ചത് എന്ന ലിസ്റ്റിൽ പെടൂ. ഈ കണക്കെടുപ്പിൽ ഇന്ത്യയിൽ പല തൊഴിലിടങ്ങളും, കമ്പനികളും സ്ത്രീ സൗഹൃദ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കണ്ടെത്തി.

സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ എന്ന സ്വപ്നം പലയിടത്തും സാക്ഷാത്കരിക്കുമ്പോൾ നാം ഓരോരുത്തരും ഓർക്കേണ്ട പ്രധാനപ്പെട്ട പേരുകളിൽ ഒന്നാണ് ഭൻവാരി ദേവിജി എന്ന രാജസ്ഥാനിലെ ഗ്രാമീണയായ ഒറ്റയാൾ പോരാട്ടത്തെ.

ആ പോരാട്ടത്തിന്റെ നാൾ വഴികളാണ് ഇന്നത്തെ പോഷ് ആക്ടിന്റെ (പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം സെക്ഷ്വൽ ഹരാസ്മെന്റ് ആക്ട്) ഉത്ഭവത്തിന് കാരണമായത്. വലിയ വിദ്യാഭ്യാസമോ, ലോകപരിചയമോ പിടിപാടുകളോ ഇല്ലാതെ ഒരു സാധാരണക്കാരിയുടെ നിശ്ചയദാർഢ്യം മൂലം ഇന്ത്യയെന്ന മഹാരാജ്യത്തെ കോടാനുകോടി സ്ത്രീകൾ അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ ഇടയായി .

ബാലവിവാഹങ്ങൾ സർവ്വസാധാരണമായ രാജസ്ഥാനിലെ, ശിശുക്ഷേമ വകുപ്പ് വഴി നടപ്പിലാക്കിയിരുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായിരുന്നു ബാലവിവാഹങ്ങൾ തടയൽ. അതിനായി തിരഞ്ഞെടുക്കപ്പെട്ട അതാത് സ്ഥലങ്ങളിലെ ഫീൽഡ് വർക്കർമാരിൽ (സാഥിനി) ഒരാളായിരുന്നു ഭൻവാരി ദേവിജി. അവിടത്തെ ഉയർന്ന ജാതിക്കാരനായ ജന്മിയുടെ 9 മാസം പ്രായമായ പെൺകുട്ടിയുടെ ബാലവിവാഹം നടക്കാൻ പോകുന്നുന്നറിഞ്ഞ ഭൻവാരി ദേവിജി അത് ഗവൺമെന്റിനോട് റിപ്പോർട്ട് ചെയ്തു.

ഉയർന്ന ജാതിക്കാരായ ആ കുടുംബക്കാർക്കെതിരെ ചെറുവിരൽ ചലിപ്പിക്കാൻ പോലും ശിശുക്ഷേമ വകുപ്പിന് സാധിച്ചില്ല , ആ വിവാഹം നടന്നു. എന്നാൽ ജാതിയിൽ താഴ്ന്നവളും, ഒരു സ്ത്രീയുമായ ഭൻവാരി ദേവിജിയോടുള്ള അവരുടെ വൈരാഗ്യം കുറഞ്ഞിരുന്നില്ല. ഒരു താക്കീതെന്ന രീതിയിൽ ഭൻവാരി ദേവിജിയെയും അവരുടെ ഭർത്താവ് മോഹൻലാൽ പ്രജാപതിനേയും അവരുടെ തന്നെ കൃഷി സ്ഥലത്ത് വെച്ച് ഉപദ്രവിച്ച് ഭൻവാരി ദേവിജിയെ അഞ്ചു പേര് ചേർന്ന് കൂട്ട ബലാത്സംഗത്തിന് ഇരയാക്കി. പ്രതികളിൽ ചിലർ ഒരു കുടുംബത്തിൽപ്പെട്ട ബന്ധുക്കൾ കൂടെയായിരുന്നു.

ഈ സംഭവത്തെക്കുറിച്ച് പരാതി പറയാൻ പോലീസ് സ്റ്റേഷനിൽ എത്തിയ ഭൻവാരി ദേവിജിക്ക് നീതി ലഭിച്ചില്ല . ഗ്രാമമുഖ്യനടക്കം പ്രതിയായി വരുന്ന, പിടിപാടുകളുള്ള പണക്കാരായ, പ്രമുഖർക്ക് എതിരെ

കേസെടുക്കാൻ പോലീസ് വിസമ്മതിച്ചു. അവസാനം ഭൻവാരി ദേവിജി പോലീസ് സ്റ്റേഷന് മുൻപിൽ സമരം ചെയ്യുകയും രാജസ്ഥാനിലെ ഒരു പ്രാദേശിക പത്രം അത് വാർത്തയാക്കുകയും ചെയ്തു. അതിനെ തുടർന്ന് പല എൻജിഒകളും ആക്ടിവിസ്റ്റുകളും പോലീസ് സ്റ്റേഷനിലെത്തി. തുടർന്ന് പോലീസ് ഈ കേസ് രജിസ്റ്റർ ചെയ്തെങ്കിലും ബലാത്സംഗം എന്ന കുറ്റകൃത്യം അവർ രേഖപ്പെടുത്തിയില്ല. ശാരീരിക ഉപദ്രവത്തിനും, ഗൂഢാലോചന തുടങ്ങിയവയായിരുന്ന അവർക്കെതിരെ രേഖപ്പെടുത്തിയ കേസുകൾ. അൻപത്തിരണ്ട മണിക്കൂറുകൾക്ക് ശേഷം നടന്ന മെഡിക്കൽ റിപ്പോർട്ടിൽ ബലാത്സംഗം നടന്നതായി തെളിയിക്കപ്പെട്ടിട്ടും പോലീസ് അത് കാര്യമാക്കിയില്ല.

ഭൻവാരി ദേവിജി ഇത് കൊണ്ടൊന്നും തോൽക്കാൻ തയ്യാറായില്ലെങ്കിലും ഇന്ത്യൻ ജുഡീഷറിയെ വരെ അട്ടിമറിക്കാൻ കെല്പുള്ള എതിരാളികൾ കോടതിയിലും അവരെ തോൽപ്പിച്ച് കളഞ്ഞു. കോടതി പ്രതികളെ ഗൂഡാലോചനക്കും ശാരീരിക ഉപദ്രവത്തിനും മാത്രം ശിക്ഷിച്ചു. അതിനായി ജഡ്ജി പറഞ്ഞ കാരണങ്ങൾ വലിയ വിവാദത്തിന് ഇടയാക്കി. ഒരു ഗ്രാമമുഖ്യൻ ഒരിക്കലും ബലാത്സംഗം ചെയ്യില്ല, മുതിർന്ന ബന്ധുക്കൾക്ക് മുൻപിൽ വെച്ച് ആർക്കും ആരെയും ബലാത്സംഗം ചെയ്യാനാകില്ല, മാത്രമല്ല താഴ്ന്ന ജാതിക്കാരിയെ തൊട്ടാൽ അശുദ്ധമാകാവുന്നത് കൊണ്ട് ഉയർന്ന ജാതിക്കാരായ പ്രതികൾ അങ്ങനെ ചെയ്യാൻ ഒരു സാധ്യതയും ഇല്ലെന്ന കൂടെ കോടതി പറഞ്ഞു വെച്ചു. പിന്നീട് സർക്കാരിന് അപ്പീൽ പോകാനുള്ള മടിയും കേസ് നീണ്ടു പോകുന്നതിന്റെ പ്രധിഷേധവുമായാണ് വിശാഖ എന്ന എൻജിഒ മറ്റു ചില എൻജിഒകളുമായി ചേർന്ന് സുപ്രീം കോടതിൽ പൊതു താത്പര്യ ഹർജി (പബ്ലിക്ക് ഇന്ററെസ്റ്റ് ലിറ്റിഗേഷൻ) ഫയൽ ചെയ്യുന്നത്. അന്ന് ജോലി സ്ഥലങ്ങളിൽ ഉപദ്രവമുണ്ടാകുമ്പോൾ സ്ത്രീകൾക്ക് പരാതി പറയാൻ ഒരു വകുപ്പ് പോലും ഉണ്ടാകാതിരുന്ന കാലമായിരുന്നു.

അങ്ങനെ 1997 ൽ വിപ്ലവാത്മകമായ വിധിയൊടൊപ്പം സ്ത്രീകളെ തൊഴിലിടങ്ങളിൽ സംരക്ഷിക്കേണ്ടതിന് വേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ വിശാഖ ഗൈഡ് ലൈൻസ് കോടതി സർക്കാരിന് നൽകി. ഭരണഘടന ഉറപ്പ നൽകിയ തുല്യത, സ്വാതന്ത്ര്യം, ജീവിക്കാനുള്ള അവകാശം എന്നിവ സ്ത്രീകൾക്ക് എല്ലാ മേഖലയിലും ഉറപ്പ വരുത്തി കൊണ്ട് 2013 ൽ പോഷ് ആക്ട് (പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം സെക്ഷ്വൽ ഹരാസ്മെന്റ് ആക്ട്) നിലവിൽ വന്നു.

**ബാലവിവാഹങ്ങൾ സർവ്വസാധാരണമായ രാജസ്ഥാനിലെ, ശിശുക്ഷേമ വകുപ്പ് വഴി നടപ്പിലാക്കിയിരുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായിരുന്നു ബാലവിവാഹങ്ങൾ തടയൽ. അതിനായി തിരഞ്ഞെടുക്കപ്പെട്ട അതാത് സ്ഥലങ്ങളിലെ ഫീൽഡ് വർക്കർമാരിൽ (സാഥിനി) ഒരാളായിരുന്നു ഭൻവാരി ദേവിജി.**

കഠിനമായ സാമൂഹ്യവിലക്ക് നേരിട്ടു കൊണ്ടായിരുന്ന ഭൻവാരി ദേവിജി ധൈര്യത്തോടെ കോടാനുകോടി ഇന്ത്യൻ സ്ത്രീകളുടെ അഭിമാനത്തിന് വേണ്ടി ഈ കേസ് മുന്നോട്ട് കൊണ്ട് പോയവർക്കൊപ്പം നിന്നത്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങള് തടയുന്നതിനും, അവയെ എങ്ങനെ നേരിടാം (തടയൽ, നിരോധനം, പരിഹാരങ്ങൾ). സ്ത്രീകൾക്ക് സുരക്ഷിതവും അന്തസ്സും ഉള്ള തൊഴിൽ അന്തരീക്ഷം സാധ്യമാക്കുക, എന്ന് തുടങ്ങി എല്ലാ തരത്തിലും സ്ത്രീ സുരക്ഷാ ഉറപ്പവരുത്തുന്ന നിയമമായിരുന്നു ഗവണ്മെന്റ് സാധ്യമാക്കിയത്.

ഈ നിയമപ്രകാരം പത്തോ അതിലധികമോ ആളുകൾ ജോലിചെയ്യുന്ന തൊഴിലിടങ്ങളിൽ ആഭ്യന്തര പരാതി കമ്മിറ്റി (ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി) കൾ രൂപീകരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. ഏതൊരു തൊഴിലുടമയും സർക്കാർ, സ്വകാര്യ സ്ഥാപനമോ എൻജിഒയോ ആയാലും ഈ നിയമപ്രകാരം ആഭ്യന്തര പരാതി കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അക്രമത്തിന് ഇരയായ സ്ത്രീകൾക്ക് ഈ പരാതി കമ്മറ്റിയിൽ പരാതിപ്പെട്ടാൽ വേണ്ട നടപടികൾ സ്വീകരിച്ച് അവരുടെ അന്തസ്സിനെ കാത്ത് സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവണ്മെന്റ് ഓരോ തൊഴിലുടമകളെയും ഏല്പിച്ചിരിക്കുകയാണ്.

ചെറുസംരംഭകർക്കും അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് വേണ്ടി ഓരോ ജില്ലയിലും പ്രാദേശിക പരാതി കമ്മിറ്റികൾ (ലോക്കല് കംപ്ലയിന്റ് കമ്മിറ്റി) നിലവിലുണ്ട്. ആഭ്യന്തര പരാതി കമ്മിറ്റികൾ രൂപീകരിക്കാതിരിക്കുന്നതും കുറ്റകൃത്യമാണ്. അതിനെതിരെ പരാതി നൽകിയാൽ തൊഴിലുടമക്ക് ഫൈൻ അടക്കേണ്ടി വരും .

ഒരു സ്ത്രീക്ക് താല്പര്യമില്ലാതെ അവരോട് ചെയ്യുന്ന ഏത് തരം ലൈംഗികചേഷ്ടകളും ഈ നിയമപ്രകാരം കുറ്റകരമാണ്. ഉദാഹരണത്തിന് സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ എന്നും പിന്തുടർന്ന് കമന്റടിക്കുന്നത്, ചേർന്ന് ഉരുമ്മി നില്ക്കാൻ ശ്രമിക്കുന്നത്, ലൈംഗിക ആവശ്യങ്ങൾ അഭ്യർത്ഥിക്കുന്നത്, സമ്മതമില്ലാതെ സ്പർശിക്കുക, ലൈംഗിക ചുവയുള്ള തമാശകളോ ദ്വയാർത്ഥ പ്രയോഗങ്ങളോ ചേഷ്ടകളോ കാണിക്കുക, അത്തരം ചിത്രങ്ങൾ അയക്കുന്നത്, വാട്സാപ്പിലോ, ഫേസ്ബുക്കിലോ അല്ലെങ്കിൽ ഇലക്ട്രോണിക്സ് മീഡിയം ഉപയോഗിച്ച് അശ്ലീല മെസ്സേജുകൾ അയക്കുന്നത്, എന്നിവയെല്ലാം ഈ നിയമത്തിന് പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളാണ്.

അത്തരം സന്ദർഭങ്ങളിൽ എല്ലാം പോഷ് ആക്ട് പ്രകാരം രൂപീകൃതമായ ആഭ്യന്തര പരാതികമ്മിറ്റി (ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി) യിൽ സ്ത്രീയേകൾക്ക് പരാതിപെടാം. 90 ദിവസത്തിനുള്ളിൽ കമ്മിറ്റി പരാതി അന്വേഷിച്ച് തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

വിമെൻസ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് കൗൺസിൽ ഓഫ്എത്തിക്സ്നടത്തിയ പഠനത്തിൽ അൻപത് ശതമാനം സ്ത്രീകൾ ഇപ്പോഴും ഇന്ത്യയിൽ തൊഴിലിടങ്ങളിൽ പീഡനം സഹിക്കുന്നെണ്ടാണ് പറയുന്നത്. സുവ്യക്തവും ശക്തവുമായ ഈ നിയമം വേണ്ട വിധത്തിൽ സ്ത്രീകളും അതത് തൊഴിലിടങ്ങളിലെ ആഭ്യന്തര പരാതി കമ്മിറ്റികളും ഉപയോഗപ്പെടുത്തിയാൽ ഈ കണക്കുകൾ കുറച്ചു കൊണ്ട്, ഇന്ത്യ തൊഴിലിടങ്ങളോരോന്നും സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ ആക്കിമാറ്റാം. ☐

*(ലേഖിക തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ ജീവനക്കാരിയാണ്.)*



*കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ്, പോസ്റ്റൽ സർവീസ് ഹെഡ് ക്വാർട്ടർ ഡയറക്ടർ കെ.കെ ഡേവിസ് എന്നിവർ ധാരണാപത്രം കൈമാറുന്നു. ഷൂലി ബർമൻ, മന്ത്രിമാരായ എം.വി ഗോവിന്ദൻ മാസ്റ്റർ, വി.അബ്ദു റഹ്മാൻ, കെ.ആർ ജ്യോതിലാൽ എന്നിവർ സമീപം*

# പോസ്റ്റ് ഓഫീസിൽ പാഴ്സൽ പായ്ക്കിങ്ങിന് കുടുംബശ്രീ

## കുടുംബശ്രീയും പോസ്റ്റൽ വകുപ്പും ധാരണാപത്രം ഒപ്പു വച്ചു

## പദ്ധതി ആദ്യം നടപ്പാക്കുക തിരുവനന്തപുരം ജനറൽ പോസ്റ്റ് ഓഫീസിൽ

പോസ്റ്റ് ഓഫീസിൽ പാഴ്സൽ അയക്കാനെത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടി കുടുംബശ്രീയും പോസ്റ്റൽ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കമായി. മാസ്കോട്ട് ഹോട്ടലിലെ സൊനാറ്റ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ, പോസ്റ്റ് ആൻഡ് ടെലഗ്രാഫ് വകുപ്പ് മന്ത്രി വി.അബ്ദു റഹ്മാൻ എന്നിവരുടെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ്, പോസ്റ്റൽ സർവീസ് ഹെഡ് ക്വാർട്ടർ ഡയറക്ടർ കെ.കെ ഡേവിസ് എന്നിവർ ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.

ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിന്റെ ഭാഗമായി പോസ്റ്റൽ വകുപ്പ് ഏൽപിക്കുന്ന ഏതു ജോലിയും ഏറ്റെടുക്കാൻ കഴിയുന്ന കരുത്തുറ്റ ശൃംഖലയാണ് കുടുംബശ്രീയുടേതെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഉപജീവന മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോസ്റ്റൽ വകുപ്പുമായി ചേർന്നു നടപ്പാക്കുന്ന പുതിയ പദ്ധതി വഴി ഭാവിയിൽ നൂറുകണക്കിന് വനിതകൾക്ക് തൊഴിൽ അവസരമൊരുങ്ങുമെന്നും അദ്ദേഹം വ്യക്ത മാക്കി.

സമത്വവും സാമ്പത്തിക ഭദ്രതയും നേടാൻ സ്ത്രീകളെ സഹായിക്കുന്നതിന്റെ ഭാഗമായാണ് കുടുംബശ്രീയുമായി ചേർന്നുകൊണ്ട് പുതിയ പദ്ധതി നടപ്പാക്കുന്നതെന്ന് പോസ്റ്റ് ആൻഡ് ടെലഗ്രാഫിന്റെ കൂടി ചുമതലയുള്ള സ്പോർട്ട്സ് വഖഫ് വകുപ്പ് മന്ത്രി വി.അബ്ദു റഹ്മാൻ പറഞ്ഞു. പോസ്റ്റൽ വകുപ്പിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികളിൽ കുടുംബശ്രീക്ക് സാധ്യമാകുന്ന



*ഹർ ഘർ തിരംഗ' യുടെ ഭാഗമായി ദേശീയ പതാക ഏറ്റു വാങ്ങി മന്ത്രിമാരായ എം.വി ഗോവിന്ദൻ മാസ്റ്ററും വി.അബ്ദു റഹ്മാനും.*

### എന്താണ് പദ്ധതി

പോസ്റ്റ് ഓഫീസിൽ പാഴ്സൽ അയക്കാനെത്തുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടി കുടുംബശ്രീയും പോസ്റ്റൽ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണിത്. തപാൽ ഉരുപ്പടികൾ പാഴ്സൽ അയക്കുന്നതിനാവശ്യമായ പായ്ക്കിങ്ങ് ജോലികളാണ് കുടുംബശ്രീ യൂണിറ്റ് ചെയ്തു കൊടുക്കുക. പാഴ്സൽ അയക്കേണ്ട ഉരുപ്പടികളുടെ വലിപ്പമനുസരിച്ച് തപാൽ വകുപ്പിന്റെ താരിഫ് പ്രകാരമുള്ള തുകയാണ് ഉപഭോക്താവ് കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടത്. തിരുവനന്തപുരം ജനറൽ പോസ്റ്റ് ഓഫീസിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആദ്യം നടപ്പാക്കുന്നത്. തപാൽ ഉരുപ്പടികൾ പാഴ്സൽ അയക്കേണ്ടവർക്ക് പോസ്റ്റ് ഓഫീസിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റിനെ സമീപിക്കാം. ഉപഭോക്താക്കൾക്ക് ഏറെ സഹായകമാകുന്നതും സുരക്ഷിതവുമായ രീതിയിൽ ഗുണമേൻമയുള്ള മെറ്റീരിയൽ ഉപയോഗിച്ച് പ്രഫഷണൽ രീതിയിലായിരിക്കും പായ്ക്കിങ്ങ്. കുടുംബശ്രീ വനിതകൾക്ക് വരുമാനം ലഭ്യമാക്കുക എന്നതാണ് സൂക്ഷ്മസംരംഭ മാതൃകയിൽ നടപ്പാക്കുന്ന പദ്ധതിയുടെ ലക്ഷ്യം. വിജയസാധ്യതകൾ പരിശോധിച്ച ശേഷം മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും. ഇതു കൂടാതെ പോസ്റ്റൽ വകുപ്പ് മുഖേന പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് ഏജന്റായി പ്രവർത്തിക്കുന്നതിനും കുടുംബശ്രീ വനിതകൾക്ക് അവസരമൊരുങ്ങും.

### 'ഹർ ഘർ തിരംഗ' ദേശീയ പതാക ഏറ്റു വാങ്ങി മന്ത്രിമാരും

തിരുവനന്തപുരം: പൗരൻമാർക്ക് ദേശീയ പതാകയോട് വൈകാരിക ബന്ധം വളർത്തുന്നതിനും ദേശീയോദ്ഗ്രഥനത്തിന് പ്രചോദനം നൽകുന്നതിനും കേന്ദ്ര സർക്കാർ നടപ്പാക്കുന്ന 'ഹർ ഘർ തിരംഗ' യുടെ ഭാഗമായി കുടുംബശ്രീയും പോസ്റ്റൽ വകുപ്പും നൽകിയ ദേശീയ പതാക ഏറ്റു വാങ്ങി മന്ത്രിമാരായ എം.വി ഗോവിന്ദൻ മാസ്റ്ററും വി.അബ്ദു റഹ്മാനും. കുടുംബശ്രീയും പോസ്റ്റൽ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പുതിയ പദ്ധതിയുടെ ധാരണാപത്രം കൈമാറുന്ന ചടങ്ങിലാണ് ഇരുമന്ത്രിമാർക്കും ദേശീയ പതാക നൽകിയത്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തി വരുന്ന 'ആസാദി കാ അമൃത് മഹോത്സവി'നോടനുബന്ധിച്ച് നടപ്പാക്കുന്ന പരിപാടിയാണ് 'ഹർ ഘർ തിരംഗ'.

**തപാൽ ഉരുപ്പടികൾ പാഴ്സൽ അയക്കുന്നതിനാവശ്യമായ പായ്ക്കിങ്ങ് ജോലികളാണ് കുടുംബശ്രീ യൂണിറ്റ് ചെയ്തു കൊടുക്കുക.**

എല്ലാ മേഖലയിലും സഹകരിച്ചു പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജാഫർ മാലിക് ഐ.എ.എസ് സ്വാഗതം പറഞ്ഞു. പോസ്റ്റൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ ജ്യോതിലാൽ, ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ കേരള സർക്കിൾ ഷ്യൂലി ബർമൻ, അസിസ്റ്റൻറ് പോസ്റ്റ് മാസ്റ്റർ ജനറൽ കേരള സർക്കിൾ കെ.വി വിജയകുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ ശ്രീകാന്ത് എ.എസ് നന്ദി പറഞ്ഞു. ☐

*(തയ്യാറാക്കിയത് കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റ് ആശ എസ്. പണിക്കർ ആണ്.)*



# പുത്തൻ പ്രതീക്ഷയായി കർഷകദിനം

■ കെ. ആർ. ജയകുമാർ & സുനിൽ കെ. എം.

പ്രളയവും കോവിഡും കർഷകഭവനങ്ങളിൽ കണ്ണീർ വീഴ്ത്തിയ കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ ചിങ്ങം ഒന്ന് ആഹ്ലാദാരവങ്ങൾ നിറഞ്ഞതായിരുന്നു. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയിലും കാർഷിക വൃത്തിയിലുമേർപ്പെടുന്ന ഞങ്ങളുടെ നാട്ടിൽ പുതിയൊരനുഭവമാവുകയായിരുന്നു ഈ കർഷകദിനം.

പ്രാകൃത ജീവിതാവസ്ഥയിൽ നിന്നും ആധുനികതയിലേക്കുള്ള മനുഷ്യന്റെ വളർച്ചയിൽ വഴിത്തിരിവായത് അവൻ ഒരിടത്ത് സ്ഥിരതാമസമാക്കിയതും ഭക്ഷണത്തിനായി കൃഷി ആരംഭിച്ചതുമാണ്. കൂട്ടായ അദ്ധ്വാനത്തിലൂടെ ഉദ്പാദിപ്പിച്ചും അതു പങ്കുവെച്ചും കഴിഞ്ഞവരുടെ പിൻതലമുറ ആ പാരമ്പര്യത്തെ മുറുകെപ്പിടിച്ചും അതിലഭിമാനിച്ചും കാർഷിക മേഖലയുടെ പുരോഗതിയ്ക്കായി പുതിയ ചിന്തകൾ പങ്കുവെയ്ക്കുന്ന സുദിനമായി ഈ കർഷകദിനം.

എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ട തികച്ചും കാർഷിക ഗ്രാമമായ ഇടയ്ക്കിടയ്ക്ക് കാടും വയലും നിറഞ്ഞ എടയ്ക്കാട്ടുവയൽ, ആരംഭകാലം മുതൽ തന്നെ കർഷകദിനത്തെ നാടിന്റെ

> പ്രാകൃത ജീവിതാവസ്ഥയിൽ നിന്നും ആധുനികതയിലേക്കുള്ള മനുഷ്യന്റെ വളർച്ചയിൽ വഴിത്തിരിവായത് അവൻ ഒരിടത്ത് സ്ഥിരതാമസമാക്കിയതും ഭക്ഷണത്തിനായി കൃഷി ആരംഭിച്ചതുമാണ്.

ഉത്സവമായാണ് ആഘോഷിച്ചിരുന്നത്. എല്ലാ മേഖലകളിലെയും മികച്ച കർഷകരെയും പ്രതിഭകളെയും ആദരിക്കലും ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കലും ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാപേർക്കും ഓണസദ്യയും വിലപിടിപ്പുള്ള സമ്മാനങ്ങളും നൽകിയുമായിരുന്നു ആഘോഷങ്ങൾ. എന്നാൽ പ്രളയവും കോവിഡും തകർത്താടിയപ്പോൾ ഒത്തുചേരലുകൾ വീട്ടിനകത്തു മാത്രമായി ചുരുങ്ങിപ്പോയതിനാൽ കഴിഞ്ഞ നാല് വർഷങ്ങളിൽ ആഘോഷമേതുമില്ലാതെ മികച്ച കർഷകരെ ആദരിച്ച് ഇവിടെയും കർഷകദിനം പേരിന് മാത്രമായി.

എന്നാൽ നാല് വർഷത്തെ കടം വീട്ടലായി മാറുകയായിരുന്നു ഇത്തവണത്തെ കർഷകദിനാഘോഷം. ആഗസ്റ്റ് 15 മുതൽ 17 വരെ നീണ്ടു നിന്ന വിപുലമായ പരിപാടികളോടെയാണ് നടത്തിയത്. കർഷകരും നാട്ടുകാരും കുട്ടികളും കൂട്ടത്തോടെ പങ്കെടുത്ത ആഘോഷം ആദ്യദിനം രാവിലെ കുട്ടികളുടെ ചിത്രരചനാ മത്സരത്തോടെ ആരംഭിച്ചു. എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങൾക്ക് ചിത്രകലാദ്ധ്യാപകൻ ഗോപിനാഥ് ചിത്രാലയ നേതൃത്വം നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജയകുമാർ ഉദ്ഘാടനം ചെയ്തു.








തുടർന്ന് വിദ്യാർത്ഥികൾക്ക് വിത്ത് തിരിച്ചറിയൽ, കാർഷിക ക്വിസ് എന്നീ മത്സരങ്ങൾ നടന്നു. ഗ്രാമ പഞ്ചായത്ത് പരിധിക്ക് അകത്തും പുറത്തും നിന്നുള്ള സ്കൂളുകളിലെ . വിദ്യാർത്ഥികൾ പങ്കാളികളായി.

ഉച്ചയ്ക്ക് ശേഷം 'കൊച്ചിയുടെ നെല്ലറ' എന്ന് പുകൾപെറ്റ തോട്ടറ പുഞ്ചയുടെ ഭാഗമായ കൈപ്പട്ടൂർ പാടശേഖരത്തിലായിരുന്നു കർഷകരുടെ വിവിധ മത്സരങ്ങൾ. പഴയകാല കാർഷിക സംസ്കൃതിയെ തിരിച്ചുകൊണ്ടുവരുംവിധമുള്ള മത്സരങ്ങളാണ് സംഘടിപ്പിച്ചിരുന്നത്. ഓല മെടയൽ , തേങ്ങ പൊതിക്കൽ, തെങ്ങ് കയറ്റം, ഞാറ് നടീൽ, ചെളിയിൽ ഓട്ടം എന്നീ മത്സരങ്ങൾ സ്ത്രീകൾക്കും പുരഷന്മാർക്കുമായി പ്രത്യേകം പ്രത്യേകം സംഘടിപ്പിച്ചു.

മുതിർന്ന കർഷകനും പാടശേഖരസമിതി ഭാരവാഹിയുമായ ഇളംകുളത്തിൽ ഇ.സി.കുര്യാക്കോസിന്റെ കൃഷിയിടത്തിലായിരുന്നു മത്സരങ്ങൾ. നൂറുകണക്കിന് ആളുകൾ കാണികളായെത്തി. ഓരോ ഇനങ്ങൾക്കും പത്തും ഇരുപതും പേർ ആവേശത്തോടെ പങ്കെടുത്തു. ഞാറ്റുപാട്ടിന്റെ താളത്തിൽ ശാസ്ത്രീയമായ രീതിയിൽ മത്സരാർത്ഥികൾ. ഞാറു നട്ടത് പുതിയ അനുഭവമായി. അവസാന ഇനമായ 'ചെളിയിൽ ഓട്ടം' ആയിരുന്നു ഏറ്റവും ആവേശകരം. ആർപ്പുവിളകളുടെ ഉച്ചസ്ഥായിയിൽ സന്ധ്യയോടെ മത്സരങ്ങൾ അവസാനിച്ചു.

രണ്ടാം ദിനം കർഷകദിനത്തിന്റെ സദ്യയ്ക്കുള്ള വിഭവശേഖരണമായിരുന്നു. സ്വാഗത സംഘം ഒരു മാസം മുന്നേ തന്നെ രൂപീകരിച്ച് അഭ്യർത്ഥിച്ച പ്രകാരം കർഷകർ കാർഷികോല്പന്നങ്ങൾ എത്തിച്ചു. അരിയും തേങ്ങയും പച്ചക്കറികളും ആവശ്യത്തിലധികമായി. ആയിരത്തോളം പേർക്ക് സദ്യ

യൊരുക്കാൻ ആളുകൾ കൈമെയ്യ് മറന്ന് സഹായിച്ചു.

സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം 'ഞങ്ങളും കൃഷിയിലേയ്ക്ക് ' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ഓരോ വാർഡിലും ആറ് കൃഷിയിടങ്ങളിൽ വീതം ചിങ്ങം ഒന്ന് രാവിലെ കൃഷിയിറക്കാൻ പതിനാല് വാർഡ് മെമ്പർമാരും ഉത്സാഹത്തോടെ മുന്നിട്ടിറങ്ങി. എൺപത്തിനാല് ഇനങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചിട്ടാണ് കർഷകദിനാഘോഷ ചടങ്ങിലേക്ക് വാർഡ് മെമ്പർമാരും കർഷകരും എത്തിയത്.

രാവിലെ 9 ന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.ജയകുമാറിന്റെയും ഭരണസമിതി അംഗങ്ങളുടെയും. കൃഷി ഓഫീസറുടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും കാർഷിക. വികസനസമിതി അംഗങ്ങളുടെയും വിവിധ സഹകരണ ബാങ്കുകളുടെയും പ്രതിനിധികളുടെയും മറ്റും നേതൃത്വത്തിൽ നൂറുകണക്കിന് കർഷകർ അണിനിരന്ന വർണ്ണാഭമായ 'കൃഷിദർശൻ ' വിളംബരജാഥ താളമേളങ്ങളുടെ അകമ്പടിയോടെ എടയ്ക്കാട്ടുവയൽ ജംഗ്ഷനിൽ നിന്നും ആരംഭിച്ചു. തുടർന്ന് ഫാർമേഴ്സ് ഹാളിൽ നടന്ന സമ്മേളനം പിറവം എം.എൽ.എ . ശ്രീ. അഡ്വ. അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.ജയകുമാർ അദ്ധ്യക്ഷനായി. മികച്ച പാടശേഖര സമിതിയെയും മുതിർന്ന കർഷകനെയുമടക്കം പതിനഞ്ച് പേരെ ആദരിച്ചു. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിൽ നൂറ് ഏക്കർ സ്ഥലത്ത് പുതുതായി കൃഷിയിറക്കിയതിന്റെ പ്രഖ്യാപനം നിർവ്വഹിച്ചു. കൃഷി ഓഫീസർ ഡവ് ലിൻ. പീറ്റേഴ്സ്. സ്വാഗതവും അസിസ്റ്റന്റ് കൃഷി ഓഫീസർ ലൗലി വർഗ്ഗീസ് നന്ദിയും പറഞ്ഞു.

വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും മറ്റ് പ്രതിഭകളെയും ചടങ്ങിൽ ആദരിച്ചു. വിവിധ മത്സരങ്ങളുടെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് ഓണസദ്യയ്ക്കു ശേഷം ഗ്രാമപഞ്ചായത്ത് അംഗങ്ങളടക്കം പങ്കെടുത്ത കർഷകനൃത്തങ്ങൾ, കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ കലാപരിപാടികൾ, കോൽകളി എന്നിവയും അവതരിപ്പിച്ചു. വൈകിട്ട് മുന്നൂറ്റി മുപ്പത്തി മുന്ന് ഭാഗ്യശാലികൾക്ക് വിലപിടിച്ച കാർഷികോല്പന്നങ്ങളും ഓണക്കോടിയും നറുക്കെടുപ്പിലൂടെ സമ്മാനമായി നൽകി. കൂടാതെ മറ്റുള്ളവർക്ക് 700 കിലോ ജൈവവളവും വിതരണം ചെയ്തു. അങ്ങനെ നാല് വർഷക്കാലം നടക്കാതിരുന്ന കർഷകദിനാഘോഷത്തിന്റെ എല്ലാ കുറവും നികത്തുന്നതിനായി 2022 ലെ കർഷകദിനം. വിവിധ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും സ്റ്റാളുകൾ കർഷകർക്ക് കൂടുതൽ സഹായകരമായി. □







*(ലേഖകർ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, എടയ്ക്കാട്ടുവയൽ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റും ആണ്.)*




# ലോകത്ത് സമാധാനം വിളിപ്പാടകലെയോ ?

## ലോക സമാധാന ദിനം സെപ്റ്റംബർ 21

1981 മുതൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 21 ലോക സമാധാന ദിനമായി ആചരിച്ച് വരുന്നു. 2001 മുതൽ എല്ലാ രാജ്യങ്ങളോടും ഈ ദിനത്തിൽ വെടിനിർത്തലിനും അക്രമരാഹിത്യത്തിനുമായി ആഹ്വാനം ചെയ്യുന്നു. ഈ വർഷം ലോകസമാധാന ദിനം ആചരിക്കുമ്പോൾ മുൻ റഷ്യയിൽ ഉൾപ്പെട്ട രാജ്യങ്ങളായ അസർബൈജാനും അർമേനിയും തമ്മിൽ നാഖൊർനാ എന്ന പ്രദേശത്തെ ചൊല്ലിയുള്ള യുദ്ധം ആരംഭിച്ചത് ലോക സമാധാന പ്രേമികളെ നിരാശരാക്കുന്നു. ശാന്തവും അക്രമവും ഇല്ലാത്ത അവസ്ഥയാണ് സമാധാനം, ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ മുദ്രാവാക്യം സമാധാനമാണ്. 2022ലെ സമാധാന ദിനത്തിന്റെ സന്ദേശം "വംശീയത അവസാനിപ്പിക്കു സമാധാനം സൃഷ്ടിക്കു" എന്നതാണ്. ഈ വർഷത്തെ ദിനാചരണം ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്ത് സമാധാനത്തിന്റെ ബെൽ രാവിലെ മുഴങ്ങുന്നതോടെ സെപ്റ്റംബർ 21ന് ആരംഭിക്കും, ഭീകരാക്രമണത്തിൽ 2014 ൽ 33555 പേർ ലോകത്ത് കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ 2021ൽ അത് 7142 ആയി കുറഞ്ഞത് ലോകം ശുഭാപ്തി വിശ്വാസത്തോടെയാണ് കാണുന്നത്.

### ദിനാചരണത്തിന്റെ പ്രസക്തി

ലോകത്തെ പട്ടിണിപ്പാവങ്ങളിൽ മൂന്നിൽ രണ്ടും അക്രമവും പ്രയാസവും അനുഭവിക്കുന്ന രാജ്യങ്ങളിലാണ് താമസിക്കുന്നത്.

വംശീയത ലോകത്തെ വിവിധ സ്ഥാപനങ്ങളിലേക്ക് കടന്നുകയറി സാമൂഹിക അന്തരീക്ഷത്തെ കലുഷിതമാകുന്ന സന്ദർഭത്തിലാണ് ഐക്യരാഷ്ട്രസഭ വംശീയതക്കെതിരെ മുദ്രാവാക്യം ലോകസമാധാന ദിനത്തിൽ മുഴക്കുന്നത്. അസമത്വത്തിനും മനുഷ്യ ധ്വംസനത്തിനും സാമൂഹിക വ്യവസ്ഥ അസ്ഥിരപ്പെടുത്തുന്നതിനും വംശീയത കാരണമായി മാറുന്നു, വംശീയതയും ലിംഗ അസമത്വവും വേർപിരിയാത്ത വിധം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. ലോകത്ത് സമാധാനം വലിയ ഭീഷണികളെ നേരിടുന്നു, ലോകത്തെ 60 രാജ്യങ്ങളിൽ ജനങ്ങളുടെ സ്വാതന്ത്ര്യം വർഷംതോറും കുറഞ്ഞു വരുന്നു, ലോകത്തെ 38% ജനങ്ങളും വലിയ സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിലാണ് ജീവിക്കുന്നത്.

## ലോകത്തിന്റെ അവസ്ഥ

2017 മുതൽ ലോകത്ത് 110 രാജ്യങ്ങളിലായി 230 സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾ നടന്നു, 78% പ്രക്ഷോഭങ്ങളും നടന്നത് സ്വേച്ഛാധിപതികളായ ഭരണാധികാരികൾ ഉള്ള നാട്ടിലാണ്, അവയിൽ 25 എണ്ണം കോവിഡ് 19 മായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതാണ്. ലോകത്ത് ശീത യുദ്ധത്തിനുശേഷം നീതീകരിക്കാനാവാത്തതും അകാരണവുമായി അതിക്രമങ്ങൾ രാജ്യങ്ങൾ അഴിച്ചുവിടുന്നു. ലോകത്ത് അണുവായുധങ്ങളുടെ 90% വും കൈവശം വച്ചിരിക്കുന്ന അമേരിക്ക, റഷ്യ എന്നീ രാജ്യങ്ങളിൽ റഷ്യ ഉക്രൈനെ 2022 ഫെബ്രുവരി 24 ന് ആക്രമിച്ചത് ലോകത്ത് അസമാധാനം ഉണ്ടാക്കുവാൻ കാരണമായി. ഇറാഖിലെ ഷിയാ നേതാവ് മുഖാദാദ് അൽ സദരിന്റെ അനുയായികൾ പാർലമെന്റിലേക്ക് ഇരച്ചുകയറിയതും, അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അനുയായികൾ ഉണ്ടാക്കിയ കലാപവും ലോകത്ത് സമാധാന പ്രേമികളെ അസ്വസ്ഥരാക്കി. സോളമൻ ദ്വീപിലെ പ്രധാനമന്ത്രി സുഖാരെ 2023ൽ നടത്തേണ്ട പാർലമെന്റ് ഇലക്ഷൻ വൈകിപ്പിക്കുന്നത് ഇടിത്തീപോലുള്ള സംഭവമാണ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അഫ്ഗാനിസ്ഥാൻ, എത്യോപ്യ, യമൻ, സഹൽ, ബുർക്കിനോ ഫാസോ, നൈജീരിയ, ലബനൻ, സുഡാൻ, കൊളംബിയ, മ്യാൻമാർ എന്നീ രാജ്യങ്ങളിൽ ലോകസമാധാനത്തിന് വിഘാതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. കോവിഡ് 19 നെ തുടർന്ന് പ്രഖ്യാപിച്ച ലോക്ഡൗണിനെതിരെ കാനഡ, ന്യൂസിലാൻഡ്, ഓസ്ട്രേലിയ, നെതർലാൻഡ്, കസാക്കിസ്ഥാൻ, ചാഡ്, താജികിസ്ഥാൻ, സുഡാൻ എന്നീ രാജ്യങ്ങളിൽ പ്രക്ഷോഭങ്ങൾ നടന്നു. ലോകത്ത് 100 ദശലക്ഷം ജനങ്ങൾ നിർബന്ധിത പാലായനത്തിന് വിധേയമാകുന്നു. അതിൽ 40% വും കുട്ടികളാണ്. ഉക്രൈനിൽ മാത്രം 6 ദശലക്ഷം ആളുകളാണ് പാലായനം ചെയ്തത്. ആഫ്രിക്കൻ രാജ്യമായ സൗത്ത് സുഡാനിൽ ജനസംഖ്യയുടെ 35%വും സോമാലിയിൽ ജനസംഖ്യയുടെ 20% ജനങ്ങൾക്ക് നിർബന്ധിതമായി അസമാധാനം കാരണം പാലായനം ചെയ്യേണ്ടി വന്നു. എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളെയും ജയിലിലടച്ച് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിഗ്വാരാഗ്വായിൽ ഡാനിയൽ ഒർട്ടേഗ്വാ വിജയിച്ചത്



ആ രാജ്യത്തെ കലാപ കലുഷിതമാക്കുവാൻ കാരണമായി. റഷ്യയിലെ പ്രതിപക്ഷ പാർട്ടി നേതാവായ അലക്സി നവലീനിയെ ദേശദ്രോഹം ചുമത്തി നാടുകടത്തിയത് വലിയ ദുരന്തമായി മാറിയിരിക്കുന്നു. ലോകത്തെ 200 കോടി ജനങ്ങൾ പ്രശ്നബാധിത പ്രദേശങ്ങളിലാണ് താമസിക്കുന്നത്.

ലോക ഭയ സൂചികയിൽ (ടെററിസ്റ്റ് ഇൻഡക്സ്) ൽ കഴിഞ്ഞവർഷത്തേക്കാൾ 15 ശതമാനം അധികം ഭീകര പ്രവർത്തനം ലോകത്ത് അരങ്ങേറി. ഏറ്റവും അസന്തുഷ്ടിയുള്ള രാജ്യം അഫ്ഗാനിസ്ഥാൻ ആണ്, ഇറാക്കും സോമാലിയും ഇതിന്റെ പിറകിൽ നിൽക്കുന്നുണ്ട്. ഭയ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം പന്ത്രണ്ടാമത് ആണ്. ലോകത്ത് ഭീകരാക്രമണത്തിന്റെ 97 ശതമാനം നടക്കുന്നത് നിലവിൽ പ്രശ്നങ്ങൾ കൊടുമ്പിരി കൊള്ളുന്ന രാജ്യങ്ങളിലാണ്. കൂടാതെ ലോക സന്തോഷ സൂചികയിൽ (ഹാപ്പിനസ് ഇൻഡക്സ്) 2022ൽ ഒന്നാം സ്ഥാനം നിലനിർത്തുന്ന ഫിൻലാന്റും, തുടർന്ന് ഉള്ള സ്ഥാനങ്ങൾ അലങ്കരിക്കുന്ന ഡെന്മാർക്ക്, സ്വിറ്റ്സർലാൻഡ് എന്നീ രാജ്യങ്ങൾ ലോകത്തിന്റെ സമാധാന ശ്രമങ്ങളിൽ വലിയ പങ്കുവഹിക്കുമ്പോൾ, ലെബനാൻ, സിംബാവെ, റുവാണ്ട, ബോട്ട്സ്വാന എന്നീ രാജ്യങ്ങൾ സന്തോഷ സൂചികയിൽ ഏറ്റവും പിറകിലായി നിൽക്കുന്ന രാജ്യങ്ങളാണ്. ലോക സന്തോഷ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 136 ആണ്, ഇന്ത്യയുടെ അയൽ രാജ്യങ്ങളായ നേപ്പാൾ 84 സ്ഥാനവും ബംഗ്ലാദേശ് 94 ആം സ്ഥാനവും നേടിയിട്ടുണ്ട്. ജനങ്ങൾക്ക് സന്തോഷം കൂടുതൽ ഉണ്ടാകേണ്ടതിന്റെ ആവശ്യം ഇത് വെളിവാക്കുന്നു.

**ലോകത്ത് സമാധാനം വലിയ ഭീഷണികളെ നേരിടുന്നു, ലോകത്തെ 60 രാജ്യങ്ങളിൽ ജനങ്ങളുടെ സ്വാതന്ത്ര്യം വർഷംതോറും കുറഞ്ഞു വരുന്നു, ലോകത്തെ 38% ജനങ്ങളും വലിയ സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിലാണ് ജീവിക്കുന്നത്.**



### അസന്തുലിതാവസ്ഥ

ലോകരാജ്യങ്ങൾ തമ്മിൽ വിവിധ തരത്തിലുള്ള അസന്തുലിതാവസ്ഥകൾ ഉണ്ട്. ദക്ഷിണ കൊറിയയിൽ ഒരു സ്ത്രീ 0,81കുട്ടികളെ മാത്രം ജനിപ്പിക്കുമ്പോൾ, നൈജറിൽ 6.95, സോമാലിയിൽ 6.12 മാലിയിൽ 5.8 ചാഡിൽ 5.6 കുട്ടികളെ യാണ് ജനിപ്പിക്കുന്നത്. ലോകത്തെ പകുതി ജനങ്ങൾക്കും പ്രതിദിനം 5.50 യുഎസ് ഡോളർ വരുമാനം ലഭിക്കാത്ത വരാണ്. ലോകത്ത് പ്രശ്നങ്ങൾ നേരിടുന്ന രാജ്യങ്ങളിൽ 15 എണ്ണം സാമ്പത്തിക കാരണങ്ങളാലാണ് പ്രയാസം നേരിടുന്നത്. സ്വതന്ത്രമായി ഒത്തുചേരലിന് വിലക്കുള്ള രാജ്യങ്ങളുടെ എണ്ണം 56 ൽ നിന്ന് 64 ആയി വർദ്ധിച്ചു. ലോകത്ത് പട്ടാളത്തിനു വേണ്ടി ചെലവിടുന്ന തുക ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ രണ്ട് ശതമാനത്തിൽ താഴെ കൊണ്ടുവരണമെന്ന് ഐക്യരാഷ്ട്രസഭയുടെ ആഹ്വാനം പൂർണമായി ശിരസ്സാവഹിക്കുവാൻ രാജ്യങ്ങൾ തയ്യാറായിട്ടില്ല.ലോകത്ത് 132 രാജ്യങ്ങളിൽ പട്ടാളച്ചെലവുകൾ വർദ്ധിച്ചു. സൗദി അറേബ്യയിൽ ജിഡിപിയുടെ 5.54% അമേരിക്കയിൽ 3.29% റഷ്യയിൽ 2.78% യുകെയിൽ 2.3% ഇന്ത്യയിൽ 2.21% ചൈനയിൽ 1.23% ചെലവുകൾ വരുന്നുണ്ട്. നാറ്റോ രാജ്യങ്ങളിൽ പട്ടാള ചെലവുകളുടെ 50% വും വ്യക്തികളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 2020 /22 റിപ്പോർട്ടിൽ ലോകത്തെ 46.9% ജനങ്ങൾക്ക് മാത്രമേ ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സുരക്ഷിതത്വം ലഭിക്കുന്നുള്ളൂ. യൂറോപ്പിൽ 83.9%, അമേരിക്കയിൽ 64.3%, ഏഷ്യയിൽ 44%അറബ് രാജ്യങ്ങളിൽ 40% വും ആഫ്രിക്കൻ രാജ്യങ്ങളിൽ 17.4%ആളുകൾക്ക് മാത്രമേ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷാ സംവിധാനം ലഭിക്കുന്നുള്ളൂ, സോഷ്യൽ മീഡിയ വഴിയുള്ള കൃത്രിമത്വം നിറഞ്ഞ പ്രചരണങ്ങളും അസത്യങ്ങളും ജനാധിപത്യ മൂല്യങ്ങളെ ഇല്ലാതാക്കുകയും അധികാരഭ്രാന്തന്മാരെയും ഏകാധിപതികൾക്കും വളരുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു.

**2021ൽ 56 രാജ്യങ്ങളിൽ നിന്നായി 2052 പേർക്ക് വധശിക്ഷ വിധിച്ചു അതിൽ 579 എണ്ണവും നടപ്പാക്കി ഇറാനിൽ മാത്രം 314 പേരെയാണ് വധശിക്ഷക്ക് വിധേയമാക്കിയത്, 2020ൽ 1477 പേർക്ക് വധശിക്ഷ വിധിച്ചെങ്കിലും 489 എണ്ണം മാത്രമാണ് നടപ്പാക്കിയത്.**

### ലോകവും പ്രകൃതിയും

2021ൽ 53 രാജ്യങ്ങളിലായി 193 ദശ ലക്ഷം ജനങ്ങൾക്ക് ഭക്ഷ്യ പ്രതിസന്ധി നേരിടുന്നു. 2020 നേക്കാൾ നാല് കോടിയാണ് വർധിച്ചത്. നാസയുടെ അഭിപ്രായത്തിൽ 1880 നു ശേഷം ഏറ്റവും ചൂടുള്ള വർഷം 2020 ആണ് എന്നാണ്. 2021 ജൂലൈ ഏറ്റവും ചൂടുള്ള മാസമായി വിലയിരുത്തപ്പെടുന്നു. ലോകത്തെ 15 രാജ്യങ്ങളിൽ കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഓരോ മിനിറ്റിലും 20 ഫുട്ബോൾ ഗ്രൗണ്ട് വിസ്തൃതിയിലുള്ള വനം ലോകത്ത് കുറയുന്നു. 60% വന്യജീവികൾ കുറയുന്നു, പ്രതിവർഷം 7500 കോടി ടൺ മേൽമണ്ണ് നഷ്ടമാകുന്നു, ഓരോ ദിവസവും 200 ഇനം ജീവികൾ നശിക്കുന്നു. 1.1 കോടി ടൺ പ്ലാസ്റ്റിക് വർഷത്തിൽ കടലിൽ എത്തുന്നു, ഉത്പാദിപ്പിക്കുന്ന ഭക്ഷണത്തിന്റെ മൂന്നിലൊന്ന് പല കാരണങ്ങളാൽ പാഴാകുന്നു. ഓരോ വർഷവും ഒരുകോടി ടൺ വിഷ വസ്തുക്കൾ പ്രകൃതിയിൽ എത്തുന്നു.

### വധശിക്ഷയും ലോക സമാധാനവും

2021ൽ 56 രാജ്യങ്ങളിൽ നിന്നായി 2052 പേർക്ക് വധശിക്ഷ വിധിച്ചു അതിൽ 579 എണ്ണവും നടപ്പാക്കി ഇറാനിൽ മാത്രം 314 പേരെയാണ് വധശിക്ഷക്ക് വിധേയമാക്കിയത്, 2020ൽ 1477 പേർക്ക് വധശിക്ഷ വിധിച്ചെങ്കിലും 489 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

### ലോകത്തിന്റെ പോക്ക് എങ്ങോട്ട്

സംഘടിതമായ കൗശല്യങ്ങളാൽ അസത്യപ്രചരണങ്ങൾ വഴിയുള്ള കുറ്റ




കൃത്യങ്ങൾ 190% ലോകത്ത് വർദ്ധിച്ചു. സൈബർ സുരക്ഷയ്ക്ക് വലിയ തുകയാണ് ലോകത്തെ വിവിധ രാജ്യങ്ങൾ ചെലവിടുന്നത്. ലോകത്തെ 39% എണ്ണ ഗ്യാസ് ഉൽപാദനവും നടക്കുന്നത് രാഷ്ട്രീയ അസ്ഥിരതയുള്ള സ്ഥലങ്ങളിലോ അല്ലെങ്കിൽ പടിഞ്ഞാറൻ രാജ്യങ്ങളുടെ ഉപരോധമുള്ള സ്ഥലങ്ങളിലോ ആണ്. 2022 ൽ മനുഷ്യർ നേരിടുന്ന ഏറ്റവും വലിയ ഭീഷണി അണുവായുധങ്ങളിൽ നിന്നും കാലാവസ്ഥാവ്യതിയാനങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നുമാണെന്ന് ഐക്യരാഷ്ട്രസഭ വിലയിരുത്തുന്നു. സമാധാനം മനുഷ്യൻ ആഗ്രഹിക്കുന്ന പദമാണെങ്കിലും 2022 നവംബർ 15ന് ലോക ജനസംഖ്യ 800 കോടി പൂർത്തീകരിക്കുമ്പോൾ സമാധാനം പുലരേണ്ടത് രാജ്യങ്ങളുടെ കടമയായി മാറിയിരിക്കുന്നു. ലോകത്ത് നടക്കുന്ന വിവിധങ്ങളായ ചെറുതും വലുതുമായ യുദ്ധങ്ങളിൽ ഒരു ട്രില്യൻ യുഎസ് ഡോളർ ചെലവ് വരുമ്പോൾ ലോകത്ത് ആകെ നടക്കുന്ന സമാധാന മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് വേണ്ടി 50 ബില്യൺ യുഎസ് ഡോളർ മാത്രമാണ് ചെലവ് വരുന്നത്.

## സമാധാനസൂചിക 2022

ലോകത്ത് ഏറ്റവും കൂടുതൽ സമാധാനമുള്ള രാജ്യം മൂന്നു ലക്ഷത്തി അറുപത്തയ്യായിരം ജനങ്ങളുള്ള ഐസ് ലാൻഡ് ആണ് എന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക്സ് & പീസ് പുറത്തിറക്കിയ 2022 ലെ ലോകസമാധാന റിപ്പോർട്ട് വ്യക്തമാക്കുന്നു. ലോകത്ത് 163 രാജ്യങ്ങളുടെ അതായത് ലോകത്തെ 99.7% രാജ്യങ്ങളുടെയും അവസ്ഥ പരിശോധിച്ചു തയ്യാറാക്കിയ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 135 ആണ്. ഉക്രൈനിൽ റഷ്യ നടത്തുന്ന യുദ്ധത്തിൽ പുതിയ സാങ്കേതികവിദ്യ അടക്കം ഉപയോഗിക്കുന്നതിനാൽ കഴിഞ്ഞ വർഷത്തേക്കാൾ സമാധാന അവസ്ഥലോകത്തിലെ 71 രാജ്യങ്ങളിൽ കുറയുന്നു.ന്യൂസിലാൻഡ്, അയർലൻഡ്, ഡെന്മാർക്ക്, ഓസ്ട്രേലിയ എന്നിവ സമാധാന സൂചികയിൽ ഉയർന്ന സ്ഥാനങ്ങളിലാണ് ഉള്ളത്. അഫ്ഗാനിസ്ഥാൻ, യമൻ, സിറിയ, റഷ്യ, സൗത്ത് സുഡാൻ, ഉക്രൈൻ, ഗിനിയ ഹെയ്റ്റി എന്നിവ സമാധാന സൂചികയിൽ ഏറ്റവും പുറകിലായരാജ്യങ്ങളാണ്, യൂറോ പ്പിൽ 7 രാജ്യങ്ങളിലെ ജനങ്ങൾ സമാധാനത്തിലായി ജീവിക്കുന്നു .പ്രധാനമായും രാജ്യങ്ങൾ നേരിടുന്ന പ്രശ്നം ആഭ്യന്തര പ്രശ്നങ്ങൾ, അഭയാർത്ഥികൾ ഉണ്ടാക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, രാഷ്ട്രീയ അനിശ്ചിതാവസ്ഥ എന്നിവയൊക്കെയാണ്. ഏഷ്യയിൽ ചൈന ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്, ഇറാൻ ആണവ കരാറിൽ ഒപ്പിടാത്തതും പ്രശ്നങ്ങൾക്ക് കാരണമാകുന്നു. 33 രാജ്യങ്ങളിൽ ഒരു ലക്ഷം ജനങ്ങളിൽ 1% പേർ കൊല്ലപ്പെടുന്നുണ്ട് .ഉക്രൈനുമായി റഷ്യ ആരംഭിച്ച യുദ്ധം നാറ്റോ രാജ്യങ്ങളുടെ പ്രതിരോധ ചെലവ് ഏഴ ശതമാനം വർദ്ധിപ്പിച്ചു.

## ഇനി എന്ത് പോംവഴി

1980 ൽ മുൻ സ്വീഡിഷ് പ്രധാനമന്ത്രി ഒലോഫ് പാം നിർദ്ദേശിച്ച പൊതുസുരക്ഷിതത്വം ലോകരാജ്യങ്ങൾ സ്വീകരിക്കുകയാണെങ്കിൽ പട്ടാള ചെലവുകൾ ഗണ്യമായി കുറക്കാൻ കഴിയുന്നതാണ്. 2022 /23ൽ കേരള സംസ്ഥാന ബഡ്ജറ്റിൽ ആഗോള സമാധാന സമ്മേളനം നടത്തുമെന്നുള്ള നിർദ്ദേശംസ്വാഗതാർഹമാണ്. ലോകത്തെ മനുഷ്യാവകാശ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് 46.3 ബില്യൺ യുഎസ് ഡോളർ അത്യാവശ്യമായി വേണം, അഫ്ഗാനിസ്ഥാൻ, യമൻ, സിറിയ എന്നീ രാജ്യങ്ങളിൽ അടിയന്തരമായി ഫണ്ട് നൽകിയാലേ ലോകത്ത് സമാധാനം പുലരുകയുള്ളൂ. □

*(തയ്യാറാക്കിയത് നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് ആണ്.)*

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.


# ഭാഷയുടെ ഉദ്ഭവം

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ആദ്യകാല മലയാളഭാഷാസാഹിത്യം വളർന്നുവന്നത് രണ്ടു ധാരകളിലായാണ്. ഭാഷാ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ (16ാംശതകം) കാലം വരെ ആ രണ്ടു ധാരകളും നിറഞ്ഞൊഴുകിവന്നു. മണിപ്രവാളം, പാട്ട് എന്നിവയാണ് ആ ധാരകൾ. അതിൽ മണിപ്രവാളത്തെപ്പറ്റി ആദ്യം പറയാം. ആദ്യകാലത്ത് നമ്മുടെ നാട്ടിലുണ്ടായിരുന്ന മലനാട്ടു തമിഴിൽനിന്നാണ് മലയാളം ഉദ്ഭവിച്ചതെന്ന് നേരത്തേ നാം കണ്ടു. കേരളത്തിലെത്തിയ നമ്പൂതിരിമാരുടെ ഭാഷ സംസ്കൃതമായിരുന്നു. അവർക്ക് ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിന്, അവരുടെ ഭാഷയും സാധാരണ ജനങ്ങളുടെ ഭാഷയും സംയോജിപ്പിച്ചുകൊണ്ട് ഒരു മിശ്രഭാഷ രൂപപ്പെടുത്തേണ്ടി വന്നു. ഈ ഭാഷാമിശ്രം ക്രമേണ വളർന്നതാണ് മണിപ്രവാളം എന്ന ഭാഷ. അതൊരു സാഹിത്യപ്രസ്ഥാനമായി.

എ.ഡി പതിനാലാം ശതകത്തിൽ മണിപ്രവാളത്തിന് ലക്ഷണം പറയുന്ന ഒരു ഗ്രന്ഥം ഉണ്ടായി. ലീലാതിലകം എന്നുപേര്. ഭാഷാസംസ്കൃതയോഗമാണ് മണിപ്രവാളം എന്ന് ലീലാതിലകകാരൻ പറയുന്നു. പദ്മരാഗവും പവിഴവും ചെന്നൂലിൽ കോർത്താലെങ്ങനെയാണോ അതുപോലെയാകണം ഭാഷയും സംസ്കൃതവും ചേർത്തു മണിപ്രവാളകൃതി രചിക്കേണ്ടത് എന്ന് അദ്ദേഹം പറയുന്നു. വസന്തതിലകം തുടങ്ങിയ സംസ്കൃതവൃത്തത്തിലാണ് പദ്യരചന നിർവ്വഹിക്കേണ്ടതെന്നും അദ്ദേഹം പറയുന്നുണ്ട്. പാട്ടിനെപ്പറ്റിയും ലീലാതിലകകാരൻ ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതു നമുക്ക് വരുന്ന അദ്ധ്യായത്തിൽ ചർച്ച ചെയ്യാം.

പത്താം ശതകത്തിൽ ജീവിച്ച തോലൻ എന്ന കവിയാണ് മലയാളത്തിലെ ആദ്യത്തെ കവി. കുലശേഖരരാജാവിന്റെ സദസ്സിലെ അംഗമായിരുന്നു തോലൻ. കൂടിയാട്ടം എന്ന സംസ്കൃതനാടകാവതരണ സമ്പ്രദായത്തിന്റെ പരിഷ്കരണം ലക്ഷ്യമാക്കി കഥാപാത്രങ്ങൾ



രംഗത്തു കാണിക്കേണ്ട ആംഗ്യമുദ്രാഭിനയ രീതികൾ വിവരിച്ചുകൊണ്ട് തോലൻ രചിച്ച 'ആട്ടപ്രകാര'മാണ് ആദ്യകൃതി. മന്ത്രാങ്കം, മത്തവിലാസം, ശൂർപ്പണഖാങ്കം, അശോകവനികാങ്കം എന്നിവയാണ് തോലൻ രചിച്ച ആട്ടപ്രകാരങ്ങൾ. ഇവയിൽ 'മന്ത്രാങ്ക 'മാകണം ഏറ്റവും പഴക്കമുള്ള രചന. ഭാസന്റെ പ്രതിജ്ഞാ യൗഗന്ധരായണം എന്ന നാടകത്തിലെ മൂന്നാമങ്കം കൂടിയാട്ട രൂപത്തിൽ അവതരിപ്പിക്കുന്നതിനു വേണ്ടി രചിച്ചതാണിത്. രീതി കാണിക്കാനായി രണ്ടു വരി

അറത്തിലമ്മേ പുറപ്പെടച്ചീ
പരത്തിപോലെ തലയുള്ള മാതേ
എനിക്കുകാണ്മാനരുളീട്ട നിന്മെ
പുറത്തുവന്നേനൊരു കുണ്ടനാടീ


ഇതു പദ്യമാണെന്നു തോന്നാമെങ്കിലും മണിപ്രവാളത്തിലെ ഗദ്യമാണത്. ആട്ടപ്രകാരങ്ങൾ ഗദ്യകൃതികളാണ്. അശോകവനികാങ്കം ആട്ടപ്രകാരത്തിൽ നിന്ന് ഒരു മാതൃക കാണുമ്പോൾ ഇതു കൂടുതൽ വ്യക്തമാകും.

പീഠം നീക്കിയിട്ട് ,ഉത്തരീയം അരയിൽ കെട്ടി, പോയി നഖവും കെട്ടിച്ചാടി, അരയും തലയും മുറുക്കി ചന്ദ്രഹാസം തൊട്ട് തലയിൽ വച്ച്, മേൽപ്പട്ടയ്ക്ക് എറിഞ്ഞു പിടിച്ച്, വിളക്കത്ത് ചാരി നിന്ന്...

ആട്ടപ്രകാരങ്ങളുടെ കാലത്തു തന്നെ മണിപ്രവാളകാവ്യങ്ങളും ഉണ്ടായി. വൈശികതന്ത്രം എന്ന കൃതിയാണ് ആദ്യത്തേത്. വേശ്യാവൃത്തിവർണ്ണനമാണ് ഉള്ളടക്കം. സംസ്കൃതത്തിൽ നിന്നു പകർത്തിയതാകണം ഈ കൃതി. അമ്മ മകൾക്ക് വൈശികകല ഉപദേശിക്കുകയാണ്. അതഭ്യസിച്ചില്ലെങ്കിൽ സ്ത്രീജന്മം വിഫലമാണ് എന്ന ആമുഖത്തോടെയാണ് കൃതി തുടങ്ങുന്നത്. അലങ്കാരങ്ങളുടെ സമൃദ്ധി കൊണ്ട് നല്ലൊരു കാവ്യഭാഷ സൃഷ്ടിക്കാൻ ഇതിന്റെ രചയിതാവിന് സാധിച്ചിട്ടുണ്ട്. ഒരു ഉദാഹരണം..

വല്ലുന്നതാകിൽ മകളേ ഒരു നോക്കുകൊണ്ടേ
കോഴക്കുമങ്ങുലയിൽവീണയിരുമ്പുപോലെ
ഈ വണ്ണമാകിലുരുകും തരുണർക്കു ചിത്തം
നേർചില്ലിവല്ലരി നെരിപ്പിലരക്കുപോലെ

മണിപ്രവാളകാവ്യശാഖയിൽ തുടർന്നു



ഇതു പദ്യമാണെന്നു തോന്നാമെങ്കിലും മണിപ്രവാളത്തിലെ ഗദ്യമാണത്. ആട്ടപ്രകാരങ്ങൾ ഗദ്യകൃതികളാണ്. അശോകവനികാങ്കം ആട്ടപ്രകാരത്തിൽ നിന്ന് ഒരു മാതൃക കാണുമ്പോൾ ഇതു കൂടുതൽ വ്യക്തമാകും.

നാം കാണുന്നത് ചമ്പുക്കളാണ്. സംസ്കൃതത്തിൽ നിന്നു വന്നതാണ് ചമ്പൂപ്രസ്ഥാനവും. ഗദ്യവും പദ്യവും ഇടകലർന്നു വരുന്ന രചനകളാണ് ചമ്പുക്കൾ. ഉണ്ണുയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടിചരിതം എന്നിവയാണ് ആദ്യകാല ചമ്പുക്കൾ. വയനാട്ടുകാരനും പുറക്കിഴാ നാട്ടുരാജാവിന്റെ ആശ്രിതനുമായിരുന്ന തേവൻ ചിരികുമാരൻ (ദേവൻ ശ്രീകുമാരൻ) ആണ് ഉണ്ണുയച്ചീചരിതത്തിന്റെ രചയിതാവ്. പതിമൂന്നാം ശതകമാണ് രചനാകാലം. നായിക ഉണ്ണിയച്ചി. സ്ത്രീവർണ്ണനം, ദേശവർണ്ണനം, ജനവർണ്ണനം എന്നിവയാണ് ഈ ചമ്പുക്കളുടെ പൊതുസ്വഭാവം. ചോകിരം ഗ്രാമവാസിയാണ് ഉണ്ണിച്ചിരുതേവീചരിതത്തിന്റെ കർത്താവ്. പതിനാലാം ശതകത്തിലുണ്ടായ ഉണ്ണിയാടീ ചരിതം, ഓടനാട് വാണിരുന്ന ഇരവി കേരളവർമ്മന്റെയും നർത്തകി ചെറുകര കുട്ടത്തിയുടെയും മകളായ ഉണ്ണിയാടിയുടെ കഥ പറയുന്നു. ദാമോദരച്ചാക്യാരാണ് കർത്താവ്. ദേവദാസീസമ്പ്രദായത്തിന്റെ വളർച്ചയുടെ കാലത്തുണ്ടായവയാണ് ഈ കൃതികൾ. ഉണ്ണിച്ചിരുതേവീചരിതത്തിലെ പ്രകൃതി വർണ്ണനരമണീയമാണ്.

പുതുമലർക്കാവിൽ വന്നെഴുമിളങ്കൊടികളും
കൊടികൾ പൂവിതളിൽ നിന്റുതിരുമപ്പൊടികളും
ചുഴലവും കമുകിനെത്തഴുകുമക്കൊടികളും
കൊടിനനൈപ്പാൻ വരും മൃദുനടക്കൊടികളും
എന്നിങ്ങനെ പോകുന്നു ആ വർണ്ണന.
ഉണ്ണിയാടീചരിതത്തിലെ മഹോദയപുര വർണ്ണനയുടെ ഭംഗി നോക്കുക

അംകനമാർ പലരൊത്തു നിറത്തോ
ടംകയനെഴുനെള്ളത്തെതിരേൽപ്പാൻ
കുങ്കുമതിലകവിളക്കും വളർകുച
മംകലകലചവുമേന്തി നിലെപ്പടം

സാഹിത്യപരമായും ഭാഷാചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള കൃതികളാണ് അച്ചീചരിതങ്ങൾ . ഇന്നു നമുക്കു കേട്ടറിവില്ലാത്ത കയിൽവൃത്തം, അമ്മാനൈപ്പാട്ട്, സന്ദേശപ്പാട്ട്, ഗാഥപഞ്ചകം, തൈവംപാട്ട്, തുടങ്ങി വിവിധ കലാവതരണങ്ങളെയും ഗാനരൂപങ്ങളെയും കുറിച്ച് ഈ കൃതികളിൽ പരാമർശമുണ്ട്.
(തുടരും). □

# വാർത്തകൾ വിശേഷങ്ങൾ

### പതിനാലാം പഞ്ചവത്സരപദ്ധതി - ഉത്തരവ് പുറപ്പെടുവിച്ചു.

വ്യക്തിഗതഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള പഞ്ചായത്തുകളുടെ ഉൽപ്പാദന പ്രോജക്ടുകളിൽ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് പങ്കാളികളാകാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.1963/2022/ത.സ്വ.ഭ.വ തീയതി 12.08.2022

### അക്രഡിറ്റഡ് ഏജൻസികളുടെ സേവനം - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, സോഷ്യോ ഏക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്നീ ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.1983/2022/ത.സ്വ.ഭ.വ തീയതി 16.08.2022

### പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ - ഉത്തരവ് പുറപ്പെടുവിച്ചു.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ ഖരമാലിന്യ സംസ്കരണപ്ലാന്റുകളുടെ യൂണിറ്റ് ചെലവ് എന്ന പട്ടികയിൽ ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള "ബൊക്കാഷി ബക്കറ്റ്" എന്ന ഖരമാലിന്യ സംസ്കരണസംവിധാനം ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2035/2022/ത.സ്വ.ഭ.വ തീയതി 20.08.2022

### തദ്ദേശഭരണസ്ഥാപനങ്ങളുടെ കോൺഫറൻസ് ഹാൾ വാടക - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുറികൾ കോൺഫറൻസ് ഹാളുകൾ എന്നിവയിൽ അംഗീകൃത വയോജന സംഘടനകളുടെ ബോധവത്ക്കരണ സെമിനാറുകൾ യോഗങ്ങൾ മുതലായവ നടത്തുന്നതിന് 25% വാടകയിളവ് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2024/2022/ത.സ്വ.ഭ.വ തീയതി 20.08.2022

### എ.ബി.സി പ്രോഗ്രാം - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.2065/2022/ത.സ്വ.ഭ.വ തീയതി 23.08.2022

### പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് - ഉത്തരവ് പുറപ്പെടുവിച്ചു.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച 2021-22 ലെ ആരോഗ്യമേഖല ഗ്രാൻറ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു
സ.ഉ(സാധ) നം.2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022

### പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് - ഉത്തരവ് പുറപ്പെടുവിച്ചു.

പതിനഞ്ചാം ധനകാര്യകമ്മീഷൻ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച 2022-23 ലെ ആരോഗ്യമേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു
സ.ഉ(സാധ) നം.2156/2022/ത.സ്വ.ഭ.വ തീയതി 01.09.2022

### Kerala Places of Public Resort Act 1963- സർക്കുലർ പുറപ്പെടുവിച്ചു.

ജിംനേഷ്യങ്ങൾക്ക് 1963 ലെ Kerala Places of Public Resort Act പ്രകാരമുള്ള ലൈസൻ എടുക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.
നം എൽ.എസ്.ജി.ഡി ആർഡി1/47/2022/ ത.സ്വ.ഭ.വ തീയതി 01.08.2022

### ദുരന്ത നിവാരണപ്രവർത്തനങ്ങൾ സർക്കുലർ പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ദുരന്തനിവാരണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.
നം .203/ഡി.സി1/2022/ ത.സ്വ.ഭ.വ തീയതി 02.08.2022

### 2022-23 വാർഷികപദ്ധതി സർക്കുലർ പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2022-23 വാർഷികപദ്ധതി അംഗീകാരത്തിനു ശേഷമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ളസമയക്രമം നിശ്ചയിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.
നം .ഡി.എ1/156/2022/ ത.സ്വ.ഭ.വ തീയതി 10.08.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# മഹാബലിയുടെ മാനവ മുഖം

■ ജയൻകുമാർ എസ്. കെ.

ഓണം കേരളീയരുടെ, മലയാളികളുടെ പ്രധാനമായ ആഘോഷമാണ്. കർഷക സംസ്കൃതി പുലർന്നിരുന്ന നാട്ടിൽ ഇല്ലായ്മകൾ പേറിയ പഞ്ഞ കർക്കിടകം വിട്ടൊഴിഞ്ഞു പോകുന്നതിന്റെ ആരവമാണ് പൂവിളിയിലൂടെ പ്രതിധ്വനിപ്പിക്കുന്നത്. പാടത്തും പറമ്പിലും, തുമ്പയും തെച്ചിയും മന്ദാരാദികളും ആലസ്യം വിട്ടുണർന്ന് പൂത്തു പരിലസിക്കുന്നത് ഓണത്തപ്പന് പ്രകൃതിദത്ത പൂക്കളം തീർക്കുന്നതിനാണ്. ഈ നാനോ യുഗത്തിലും പാതാളമേറി മാവേലീടെ ഓലക്കുട ചൂടിള്ള വരവിന്റെ ഗരിമ കൂടീട്ടേയുള്ളൂ. ഓണക്കാലത്ത് എന്തിനും ഏതിനും ഓണം ചേർത്തുള്ള വിളി ബഹുരസാണ്. ഓണപ്പൂവ്, ഓണനിലാവ്, ഓണത്തപ്പൻ, ഓണപ്പുടവ, ഓണത്തുമ്പി, ഓണവില്ല് അങ്ങനെ എണ്ണിയാലൊടുങ്ങാത്ത എത്രയെത്ര വാക്കുകൾ!

സമ്പത്സമൃദ്ധിയാണ് ഓണം എന്ന ആശയത്തിന്റെ പരമ പ്രധാന സംഗതി. ഉള്ളവനും ഇല്ലാത്തോനും എന്ന ഭേദ ചിന്തയില്ലാതെ തങ്ങളാൽ കഴിയും വിധം സർവ്വരും ഓണം കൊണ്ടാടുന്നു. കാണം വിറ്റും ഓണം ഉണ്ണണം എന്ന ചൊല്ല് അന്വർത്ഥമാക്കുന്നതും മറ്റൊന്നല്ല! വിഭവങ്ങളുടേ ധാരാളിത്തത്തേക്കാൾ ഏറെ മാനവരും, മനസ്സുകളും സമൃദ്ധിയും, സംതൃപ്തിയുടേയും നിറവിലേയ്ക്ക് ഉയർത്തപ്പെടുക എന്നതാണ് ഓണത്തെ മറ്റേത് ആഘോഷത്തിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി എന്നത് ഓണത്തിന്റെ അന്തസ്സത്തയ്ക്ക് ഒരു വിധത്തിലും ചേരാത്തത് ആയതിനാൽ അത് കേവലം കഠിനഹൃദയരുടെ ചെയ്തിയായ് കണ്ടു വിസ്മരിക്കുകയേ വഴിയുള്ളൂ? ജാതി മത ഭേദ ചിന്തകൾ ഇല്ലാതെ പ്രജകൾ ഒന്നായി ഐക്യപ്പെടുക എന്നതാണ് ഓണത്തിനു പിന്നിലെ മറ്റൊരു സവിശേഷത. മലയാള നാടും മലയാളിയും കേരളവുമെന്ന ഐക്യപ്പെടൽ അതുകൊണ്ടാണ് ഭൂമിയുടെ ഏതൊരു കോണിലിരുന്നും മലയാളികൾ തിരുവോണ ദിവസം ഓണത്തിന്റെ ആഘോഷ വഴികൾ വർണ്ണാഭമാക്കുന്നത്.

കൂട്ടുകൂടലും, കൂട്ടായ്മയും ഓണത്തിന്റെ ആഘോഷപ്പൊലിമ കൂട്ടുന്ന സംഗതികളാണ്. പൂക്കുടകളിൽ നാനാവർണ്ണ ദള ശോഭയാർന്ന പൂക്കൾ കൂട്ടമായ് ശേഖരിച്ചും, വരച്ചിട്ട പൂക്കളങ്ങളിൽ അവ ചേലോടെ ചേർത്തു വച്ച്, കൂട്ടായ്മയുടെ കരവിരുതിൽ വർണ്ണ വിസ്മയമാക്കുന്നത് നയനാനന്ദകരമാണ്. അങ്ങനെ കൂട്ടുകൂടലും പങ്കുവയ്ക്കലിലൂടെ



വ്യക്തിയുടെ കേവലമായ സന്തോഷം ഇരട്ടിച്ചിരട്ടിച്ച് ഓണമെന്ന സന്തോഷ മേള ത്തോളമെത്തുന്നു.

പ്രജകളും രാജാവും തമ്മിലുള്ള പാരസ്പ ര്യ ബന്ധവും, അളവറ്റ സ്നേഹോഷ്മളങ്ങളും ഓണത്തിന്റെ വൈകാരിക ഭാവങ്ങളാണ്. പ്രജാഹിതം കർമ്മമണ്ഡലമാക്കിയ, പ്രജാ സ്നേഹം ജീവിതചര്യയാക്കിയ ഒരു ഭരണാധി കാരിയെ പ്രജകൾ എപ്രകാരം നെഞ്ചോടു ചേർക്കുന്നുവെന്നും, സ്നേഹ വായ്പ്പ കാണി ക്കുന്നുവെന്നതും ഓണത്തിന്റെ ഉത്തമമായ ചൈതന്യാംശം തന്നെയാണ്.

ഓണം എല്ലാം കൊണ്ടും സമഗ്രവും സവിശേഷവുമായ ഒരു ഉത്സവം തന്നെയെ ന്നതിനു പ്രത്യേക ഭാഷ്യം ആവിശ്യമില്ലാത്ത താണ്. സ്വാതന്ത്ര്യം, സമത്വം, സമഭാവന, സാമ്പത്തിക സുരക്ഷിതത്വം എന്നു വേണ്ട മാനവികമായ മൂല്യങ്ങളുടെ അടിസ്ഥാനപ്പെ ടുത്തലാണ് ഓണം.

ഓണക്കാലം സന്തോഷത്തിന്റെ വസന്ത കാലം കൂടിയാണ്. പൂക്കൾ ഒരു വശത്ത് വസന്തത്തിന്റെ കാഹളം മുഴക്കുമ്പോൾ, പൂവിളികളും, ഓണക്കളികളും, ഓണ വിഭ വങ്ങളും ഒരുക്കി കേരളക്കരയുടെ മുക്കിലും മൂലയിലും വരെ മലയാളികൾ വസന്തത്തിന്റെ നവ്യാനുഭവം തീർക്കുന്നു.

പരാജിതനെ ഇരുട്ടറയിലാഴ്ത്തി വിജയി ച്ചോർക്ക് വിജയതിലകവും പൊന്നാടയും ചാർത്തി വീരചരിതം രചിക്കുന്നതാണല്ലോ ചരിത്ര കുതുകികൾ ചെയ്തു പോരുന്നത്. എന്നാൽ ഇവിടെ, സർവ്വവും നഷ്ടപ്പെട്ടു


ഓണക്കാലം സന്തോഷത്തിന്റെ വസന്തകാലം കൂടിയാണ്. പൂക്കൾ ഒരു വശത്ത് വസന്തത്തിന്റെ കാഹളം മുഴക്കുമ്പോൾ, പൂവിളികളും, ഓണക്കളികളും, ഓണ വിഭവങ്ങളും ഒരുക്കി കേരളക്കരയുടെ മുക്കിലും മൂലയിലും വരെ മലയാളികൾ വസന്തത്തിന്റെ നവ്യാനുഭവം തീർക്കുന്നു.


ത്തി ഒടുവിൽ സ്വയംകൃതനാർഥം ഉടലോടെ പാതാളത്തിലേയ്ക്ക് ചവിട്ടി താഴ്ത്തപ്പെടുന്ന മഹാബലി ചക്രവർത്തിക്കു പക്ഷേ വിജ യിക്കേൾ പെരുമയും ഗരിമയും ലഭിച്ചു എന്നതു ചരിത്രത്തിലെ പുതുനിയമം ആയേ കാണാനാകൂ! സുരനായാലും, അസുരനാ യാലും ജന മനസ്സുകളിൽ ചിരസ്ഥായി ആവുന്നത്, ആക്കപ്പെടുന്നത് അവരുടെ സ്വത്വഗുണങ്ങളാലല്ല പകരം കർമ്മപഥ ത്തിലെ ഗുണഭാവങ്ങളിലൂടെയാണ് എന്ന് ഓണം നിസ്സംശയം തെളിയിക്കുന്നു. കരുണ, സ്നേഹം, കരുതൽ, സാഹോദര്യം, നിസ്വാർ ത്ഥത, നിഷ്പക്ഷത, സുതാര്യത, സഹായതൽ പരത തുടങ്ങിയ ഗുണഭാവങ്ങളിലൂടെയാണ് ഇപ്രകാരം ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടുന്നത്. പ്രജയും രാജാവും രണ്ടല്ല പരസ്പര പൂരകങ്ങളായ ഏകകങ്ങളാണ് എന്ന മനോ ഭാവമാണ് മഹാബലിയെ മലയാളക്കരയി ലേയ്ക്കു, മലയാളി മനസ്സിലേയ്ക്കു ഇത്രയേറെ ഹഠാദാകർഷിച്ചിട്ടുള്ളത്! മഹാബലിയും പ്രജകളും തമ്മിലുള്ള പാരസ്പര്യ ബന്ധം അഭേദ്യവും, അണമുറിക്കാനാവാത്തതും, ശക്തവും സവിശേഷവുമായി കണ്ടാണ് വാമനൻ തന്റെ കർത്തവ്യ നിർവ്വഹണ മധ്യേ, നിശ്ചയിക്കപ്പെട്ടതിൽ നിന്നും വിഭി ന്നമായി കർമ്മപദ്ധതിയിൽ മാറ്റം വരുത്തു വാൻ സ്വമനസ്സാലെ തയ്യാറായതും; വർഷം തോറും തന്റെ പ്രജകളെ ചിങ്ങമാസത്തിലെ തിരുവോണ നാളിൽ സന്ദർശിക്കുവാൻ അനുമതി നൽകിയതും! മാവേലിയെ പാതാ ളത്തിലേയ്ക്കു ചവിട്ടിയാഴ്ത്തി ക്ഷിപ്രം മടങ്ങാ നായി മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയുമായി വന്ന വാമനൻ നിർദ്ദിഷ്ട പരിപാടിയിൽ കാതലായ മാറ്റം വരുത്തുവാൻ തയ്യാറായി എന്നതും അത്യന്തം പ്രശംസനീയമാണ്. കാലങ്ങളും, യുഗങ്ങളും എങ്ങനെ പ്രവഹി ച്ചാലും “മാവേലി നാടു വാണീടും കാലം” എന്ന ഹൃദ്യമായ പാട്ടിനൊപ്പം മലയാളിയും, മലയാൺമയും ഉള്ളിടത്തോളം കാലം മാവേലിയും, തിരുവോണവും പ്രദ്യോജ്ജ്വ ലമായി എന്നെന്നും നിലനിൽക്കുക തന്നെ ചെയ്യും! ഓണക്കാലത്ത് ജനങ്ങൾ ആനന്ദ ചിത്തരായി അക്ഷരങ്ങൾ കോർത്തുവച്ച് മാവേലിയുടെ ശ്ലോകങ്ങളും, കാവ്യങ്ങളും രചിക്കും. ഓണനിലാവിൽ അങ്ങകലെ വാനിലെ നക്ഷത്രങ്ങൾ പരസ്പരം ഇങ്ങനെ പാടും:

വേണമേഴെഴപത്താറു കറിക-
ളവവിളമ്പണം നല്ലുശനിൽ.
ഉപ്പേരിശർക്കരവരട്ടിയിത്തിരി-
യുപ്പുചെറുനാരകപഴപപ്പടവും.
അടകടലചെറുപയർപായസം
വിഭവസമൃസംതൃപ്തമോണം.
അത്തംതുടങ്ങിനാൾപത്തകം
പൂവിളിപൂപൊലിപൂവേപൊലി.
വടംവലിപുലികളിമേളാരവമ-
വമറക്കീലൊരിക്കലുംപാരിൽ;
മലയാളിയൊന്നും മാവേല്യോം
മാവേലിനാടുവാണീടും പാട്ടും!! ◻

# കോന്നി

■ ഡോ. വിളക്കുടി രാജേന്ദ്രൻ

പത്തനംതിട്ട ജില്ലയിലെ ഒരു മലയോര താലൂക്കും അതിന്റെ ആസ്ഥാനമായ ചെറുപട്ടണവും. അച്ചൻകോവിലാറിന്റെ തീരം. പ്രമുഖ കാർഷിക വിഭവ വിപണന കേന്ദ്രമാണ്. പുനലൂർ-മൂവാറ്റുപുഴ ദേശീയപാത ഇതിലേ കടന്നു പോകുന്നു. കോന്നി വില്ലേജും കോന്നിത്താഴം, മലയാലപ്പുഴ, ഐരവൺ വില്ലേജുകളുടെ ഏതാനും ഭാഗങ്ങളും ഉൾപ്പെട്ട കോന്നി പഞ്ചായത്തിന്റെ ആസ്ഥാനം കൂടിയാണിത്. കോഴഞ്ചേരി താലൂക്കിൽ ഉൾപ്പെട്ടിരുന്ന തണ്ണിത്തോട്, വള്ളിക്കോട്, പ്രമാടം, വള്ളിക്കോട് കോട്ടയം, മൈലപ്ര, മലയാലപ്പുഴ, കോന്നി, കോന്നിത്താഴം, ഐരവൺ, അരുവാപ്പുലം, കലഞ്ഞൂർ, കൂടൽ, ചിറ്റാർ, സീതത്തോട് എന്നീ പതിനാല് വില്ലേജുകൾ ചേർത്ത് 28-5-2013-ലെ ജി.ഒ.(എം.എസ് )227/13 ആർ.ഡി. ഉത്തരവു പ്രകാരം കോന്നി താലൂക്ക് നിലവിൽ വന്നു. ഉയർന്ന മലനിരകളും വനങ്ങളും സമതലങ്ങളും ചേർന്ന മനോഹരമായ ഭൂഭാഗമാണ്. മഴക്കാടുകളുടെയും അരുവികളുടെയും സാന്നിധ്യം മൂലം വർഷത്തിൽ എല്ലാക്കാലവും നല്ല കാലാവസ്ഥയാണിവിടെ. ജില്ലാ ആസ്ഥാനത്തുനിന്ന് 10 കി.മീ.തെക്കു മാറിയാണ് കോന്നി പട്ടണം സ്ഥിതി ചെയ്യുന്നത്. കോന്നി ജംഗ്ഷനിൽ നിന്ന് 5 കി.മീ. കിഴക്കു മുതൽ സർക്കാരിന്റെ തേക്കിൻ തോട്ടങ്ങളാണ്. വനം വകുപ്പിന്റെ കീഴിൽ ആന പിടിത്തത്തിന്റെ കേന്ദ്രമായിരുന്നു കോന്നി. 1810 മുതൽ ഇവിടെ ആനപിടിത്തം തുടങ്ങി. തടിയിലുണ്ടാക്കിയ വലിയ ആനക്കൂട് (1942) ഇപ്പോഴുമുണ്ട്. 1977-ൽ ആനപിടിത്തം നിരോധിച്ചതിനെ തുടർന്ന് ഇതിന്റെ പ്രവർത്തനം നിലച്ചു. ആന പരിശീലന കേന്ദ്രവും മ്യൂസിയവും ഉണ്ട്. ഇവിടെ നിന്നു പിടിച്ച കോന്നിയിൽ കൊച്ചയ്യപ്പൻ എന്ന ആനയെപ്പറ്റി കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ വിവരിക്കുന്നുണ്ട്. രാമായണകഥയുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളാൽ സമൃദ്ധമാണ് സീതത്തോട് പഞ്ചായത്തും ചുറ്റുമുള്ള പ്രദേശങ്ങളും. സീതാപരിത്യാഗത്തിനു ശേഷമുള്ള സംഭവങ്ങളെല്ലാം ഇവിടെ വച്ചാണത്രേ നടന്നത്. വാൽമീകിക്കുന്നിനു ചുറ്റുമാണ് ഈ സ്ഥലങ്ങളെല്ലാം. രാമായണപ്പിറവിയും ലവ കുശൻമാരുടെ ജനനവും ഇവിടെ വച്ചായിരുന്നുവത്രെ. ഏറെ സ്ഥലനാമങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഇവിടെയുണ്ട്. കൂടലിലെ രാക്ഷസപ്പാറ പോലെ മിത്തുകളുടെ കൂടാരങ്ങളായ ഏതാനും സ്ഥലങ്ങളും താലൂക്കിലുണ്ട്. കോന്നി-അടവി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി കല്ലാറിൽ കുട്ടവഞ്ചി യാത്രയ്ക്കു സൗകര്യമുണ്ട്. കോന്നി ജംഗ്ഷനിൽ നിന്ന് 7 കി.മീ. അകലെയുള്ള പെരിഞ്ഞാട്ടുകുലിൽ മണ്ണു സംരക്ഷണ ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നു. പന്തള രാജാക്കൻമാരുടെ ഭരണസീമയിലിരുന്ന പ്രദേശങ്ങളാണ് കോന്നിയിലുള്ളത്. 'കോയിക്കൽ' എന്നു പേരായ പഴയ വീടുകൾ അതിന്റെ അവശേഷിപ്പുകളാവാം. ഗുരു നിത്യചൈതന്യയതി, കോന്നിയൂർ നരേന്ദ്രനാഥ്, കോന്നിയൂർ മീനാക്ഷിയമ്മ, ആയുർവേദാചാര്യൻ കോന്നിയിൽ കേശവപിള്ള തുടങ്ങി അനേകം പ്രശസ്ത വ്യക്തികളുടെ ജന്മസ്ഥലമാണ് കോന്നി. ഉയർന്ന സ്ഥലം എന്ന് അർത്ഥമായ 'കുന്നം' എന്ന പദത്തിൽനിന്നാവാം കോന്നി എന്ന ദേശനാമം ഉണ്ടായത്. കോൻ (രാജാവ് )ഇരുന്ന(വിശ്രമിച്ച) സ്ഥലം കോന്നിയൂരുംകാലാന്തരത്തിൽകോന്നിയുമായെന്ന്ഐതിഹ്യം.□



## ഏകീകൃത തദ്ദേശ വകുപ്പിന്റെ

# ലോഗോ പ്രകാശനം



LSGD

തദ്ദേശ
സ്വയംഭരണ
വകുപ്പ്

കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനത്തിന് പൊന്നോണ സമ്മാനമായി സെപ്റ്റംബർ ഒന്നാം തീയതി ഏകീകൃത തദ്ദേശ വകുപ്പിന്റെ ലോഗോ പ്രകാശനം. ഏകീകൃത തദ്ദേശ വകുപ്പിന്റെ ആസ്ഥാനമായ സ്വരാജ് ഭവനിലെ സ്വരാജ് ഹാളിൽ വച്ച് തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ശാരദാ മുരളീധരന് നൽകി ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രകാശന കർമ്മം നിർവഹിച്ചു. ജനങ്ങൾക്ക് തൊട്ടറിയാവുന്നതും വിളിപ്പുറത്തുമുള്ള സർക്കാരിന്റെ മുഖമാണ് തദ്ദേശ സ്ഥാപനങ്ങളെന്നും ഏകീകൃത തദ്ദേശ വകുപ്പിന്റെയും പൊതു സർവീസിന്റെയും രൂപീകരണം കേവല പരിഷ്കാരം മാത്രമല്ല, പുരോഗമനോന്മുഖമായ ഒരു സർവീസ് സങ്കൽപ്പത്തിന്റെ പ്രഖ്യാപനം കൂടിയാണെന്നും വേദിയിൽ അദ്ദേഹം പറഞ്ഞു. തദ്ദേശ വകുപ്പിലെ ഓരോ ജീവനക്കാരനും ജനപ്രതിനിധികൾക്കൊപ്പം ജനങ്ങൾക്ക് വേണ്ടി തോളോടുചേർന്ന് പ്രവർത്തിക്കേണ്ടവരാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

ഭാഗിക വൃത്തങ്ങൾ സമ്പൂർണ്ണ വൃത്തമായി പരിണമിക്കുന്നതു പോലെ അഞ്ച് വകുപ്പുകളുടെ സംയോജനത്തിന്റെ പൂർണ്ണതയായി ലോഗോ തിളങ്ങുന്നു.








# ഓണം
## മലയാളിയെ ഓർമ്മിപ്പിക്കുന്നത്

■ **മുരളീധരൻ തഴക്കര**

ആവർത്തിക്കപ്പെടുന്ന പൂക്കാലമാണ് ഓണം, ഓർമ്മയുടെ മഹോത്സവം! അതിന് പഴമയോട് ഒരു പ്രത്യേക മമതയുണ്ട്. ചിതലരിച്ചു പോകാത്ത വാക്കും നോക്കും പാട്ടും പകിട്ടുമെല്ലാം ഓണത്തിന് സ്വന്തം. ആർപ്പും ആരവവും കേൾക്കുന്നില്ലേ? കിഴക്കൻ ചക്രവാളത്തിൽ നിന്നും മലനാടിന്റെ ചക്രവർത്തി സൂര്യതേജസ്സോടെ വരുന്നതിന്റെ ആത്മഹർഷം ഓർമ്മ പുതുക്കാൻ നവോഡയെപ്പോലെ ഒരുങ്ങി നിൽക്കുകയാണ് പ്രകൃതിപോലും. ഇതാ ഇക്കുറിയും ഓണം വന്നുപോയി. ഒരിക്കലും തേഞ്ഞുമാഞ്ഞുപോകാത്ത പുരാതന സ്മൃതിയോടുള്ള മലയാളനാടിന്റെ നന്ദിപ്രകടനം. അതുകൊണ്ടുതന്നെ ഓണം എല്ലാവരുടേയും ആഘോഷമാണ്, അടുക്കളയുടെയും അരങ്ങിന്റെയും ആഘോഷം.

ഓണം എന്നും എവിടെയായാലും മലയാളിയുടെ ഹൃദയവികാരമാണ്. എത്രയോ പതിറ്റാണ്ടുകളായി രക്തത്തിലലിഞ്ഞു ചേർന്ന സംസ്കാരം. ഈ സംസ്കൃതി കേരളത്തിന്റെ കാർഷിക പൈതൃകത്തിന്റേതുകൂടിയാണ്. ആചാരങ്ങളായി പരിവർത്തിക്കപ്പെട്ട ഓണവും തിരുവാതിരയും വിഷുവും നിറപുത്തരിയും ഇല്ലം നിറയും-തുടങ്ങിയുള്ള എല്ലാ കാർഷികോത്സവങ്ങൾക്കു പിന്നിലും ഉദാത്തമായ ദർശനങ്ങളും സങ്കൽപ്പങ്ങളുമുണ്ട്. ഇപ്രകാരം ഓണത്തിൽ ഉൾച്ചേർന്നിരിക്കുന്നത് കാർഷികസമ്പൽസമൃദ്ധിയിൽ അധിഷ്ഠിതമായ ഒരു സ്വാശ്രയദർശനമാണ്. ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് ആടിമേഘങ്ങൾ ആകാശം വെടിയുന്നതോടെ ചിങ്ങനിലാവുദിക്കുകയും ശ്രാവണപുഷ്പങ്ങൾ പുഞ്ചിരിതൂകുകയും ചെയ്യും - അവിടെ ആരംഭിക്കുന്നു ഓണം.

അത്തം തുടങ്ങിയാൽ മുറ്റത്ത് പൂക്കളങ്ങൾ വിരിയുകയായി. പൂക്കളമിടാനുള്ള നാട്ടുപൂവുകൾ തേടി കുട്ടികൾ തൊടിയായ തൊടിയെല്ലാം താണ്ടുകയായി. അതെ, പൂക്കുടയുമായി തൊടികളിലേക്കാണിറങ്ങുന്നത്, നഗരത്തിലെ പൂക്കടയിലേക്കല്ല. അത്തം മുതൽ പത്ത് ദിവസവും പൂക്കളമിടുന്നതിനും നിയതമായ ചില ചിട്ടവട്ടങ്ങളുണ്ടായിരുന്നു. അത്തം നാളിൽ ഓണപ്പൂക്കളത്തിന് ഒരു വൃത്തമേയുണ്ടാകൂ- ഒറ്റ നിറമുള്ള പൂക്കളാൽ തീർക്കുന്ന പൂക്കളം. ഇത് 'ഗണപതി'യെ സങ്കൽപ്പിച്ചാണിടുന്നത്. ചിത്തിര നാളിൽ രണ്ട് വൃത്തത്തിലുള്ള പൂക്കളമിടുന്നു. ഇത് ശിവനെയും ശക്തിയെയും സങ്കൽപ്പിച്ചാണ്. മൂന്നാം നാളായ ചോതിക്ക് മൂന്നു വൃത്തത്തിൽ

പൂക്കളമിടുന്നത് കാലപുരുഷനായ ശിവനെ മാത്രം സങ്കൽപ്പിച്ചാണ്. നാലാമത്തെ നാളായ വിശാഖത്തിന് ബ്രഹ്മാവിനുള്ള സമർപ്പണമായാണ് നാലു വൃത്തങ്ങളുള്ള പൂക്കളമാണിടുക. പഞ്ചഭൂതങ്ങളെ സങ്കൽപ്പിച്ചുകൊണ്ട് അഞ്ചാം നാളിൽ അഞ്ച് വൃത്തങ്ങളിൽ അത്തപ്പൂക്കളമിടും. അത്തം തുടങ്ങി ആറാമത്തെ ദിവസം അറുമുഖനും ദേവസേനാനിയുമായ മുരുകനുവേണ്ടി ആറു വൃത്തങ്ങളുള്ള പൂക്കളമിടുന്നു. ഏഴാം നാളിൽ ഏഴു വൃത്തങ്ങളിലിടുന്ന പൂക്കളം ഗുരുവിനായുള്ള സമർപ്പണമാണ്. എട്ടാം ദിനം അഷ്ടദിക്ക്പാലകരെ സങ്കൽപ്പിച്ചുകൊണ്ട് എട്ട് വൃത്തത്തിൽ പൂക്കളമിടുന്നു. ദേവരാജാവായ ഇന്ദ്രനുവേണ്ടിയുള്ളതാണ് ഒമ്പതാം നാളിൽ ഒരുക്കുന്ന ഒൻപതു വൃത്തങ്ങളുള്ള പൂക്കളം. ആദ്യത്തെ എട്ടുദിവസങ്ങളിലും ഉപയോഗിക്കാത്ത കടുംനിറത്തിലുള്ള പൂക്കൾ കൊണ്ടായിരിക്കണം ഒമ്പതാം ദിവസം പൂക്കളമിടേണ്ടത്. അത്തം തുടങ്ങി പത്താം നാളായ തിരുവോണ ദിവസം മഹാവിഷ്ണുവിനായുള്ള സമർപ്പണമാണ്. കഴിയുന്നത്ര വെളുത്ത പൂക്കൾ കൊണ്ടു തന്നെ പൂക്കളമിടുവാനും നിഷ്കർഷിച്ചിരുന്നു. ആചാരപരമായ ഈ നിഷ്ഠയ്ക്കു പിന്നിൽ ശാസ്ത്രീയമായ കാഴ്ചപ്പാടുതന്നെയാണുള്ളത്. ഓരോ ദിവസത്തെയും വ്യത്യസ്ഥ സങ്കൽപ്പത്തിൽ പത്തുദിവസവും പത്തുതരം പൂക്കളാണ് ഉപയോഗിക്കുക. ഈ നാട്ടുപൂക്കളെല്ലാം വിരിയേണ്ടത് നമ്മുടെ മുറ്റത്തോ തൊടിയിലോ വയൽവരമ്പിലോ ആയിരിക്കണമെന്നതിലും നിഷ്കർഷയുണ്ടായിരുന്നു.

ഇന്നത്തെപ്പോലെ പൂക്കളും മത്സ്യമാംസാദികളും ദിവസങ്ങളോളം സൂക്ഷിക്കാൻ കഴിയുന്ന 'മോർച്ചറി'കൾ നിലവിലില്ലായിരുന്ന കാലത്തെ നിർദ്ദേശങ്ങളും നിഷ്ഠകളുമായിരുന്നു ഇതൊക്കെയും. നമ്മുടെ മുറ്റത്തും വളപ്പിലും ഇങ്ങനെയുള്ള പൂക്കൾ വിരിയണമെങ്കിൽ പ്രകൃതി നമ്മെ ഉദാരമായി അനുഗ്രഹിച്ചേ തീരൂ. പ്രകൃതിയോടു ചേർന്നു നിന്നുകൊണ്ടുള്ള സ്വാശ്രയബോധത്തിന്റെ സാക്ഷ്യമായിരുന്നു നമ്മളൊരുക്കിയിരുന്ന ഓണപ്പൂക്കളങ്ങൾ.

പഞ്ഞകർക്കിടകം താണ്ടിയെത്തുന്ന മനുഷ്യന്റെ വിശപ്പിനെ അടുത്ത ഒരാണ്ടോളം പിടിച്ചു നിർത്തുന്ന രുചിഭേദങ്ങളുടെ മേളനമാണ് ഓണസദ്യ. ചേമ്പിൻതാൾ കറിവെച്ചതും, പച്ചിലകൾ വേവിച്ചതും, കണ്ണൻ ചേമ്പ് പുഴുങ്ങിയതും, ആഞ്ഞിലിക്കുരു വറുത്തതും മറ്റും ആഹരിച്ച് കർക്കിടക വറുതിയെ അതിജീവിച്ചശേഷം വയറുനിറയെ ഭക്ഷണം കഴിക്കുന്നത് ഓണത്തിനാണ്. രുചിമുകുളങ്ങളെ മത്തുപിടിപ്പിക്കുന്ന വിഭവങ്ങളുടെ ഉത്സവം. ഓണസദ്യയൊരുക്കുവാൻ വേണ്ടതെല്ലാം കഴിയാവുന്നത്ര സ്വന്തം അദ്ധ്വാനത്തിലൂടെ വയലിലും തൊടിയിലുമായി വിളയിച്ചെടുത്തിരുന്നു. ഒന്നാം വിള അഥവാ വിരിപ്പ് കൊയ്തെടുത്ത പുന്നെല്ലിന്റെ ചോറ്, സ്വന്തം വിയർപ്പുവീണു വിളഞ്ഞ നേന്ത്രക്കുലയും, മരച്ചീനിയും, ചേമ്പും, ചേനയും കൊണ്ടുള്ള നാനാജാതി വിഭവങ്ങൾ. ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ പൊതിഞ്ഞുകെട്ടി നിർത്തിയിരുന്ന നേന്ത്രക്കുല മുറിച്ചെടുത്ത് അരിഞ്ഞ് ഉപ്പേരി വറുക്കുന്നതാകട്ടെ നമ്മുടെ പറമ്പിലെ നാളികേരം ആട്ടിയെടുത്ത വെളിച്ചെണ്ണയിൽ, നാളികേരവും വെളിച്ചെണ്ണയും നമ്മുടെ പൂർവ്വികരുടെ സന്തോഷവും വിയർപ്പുമാണെന്ന് ഒരു ചൊല്ലുതന്നെയുണ്ട്.

സ്വന്തം തൊടിയിൽ തന്നെ വിളയുന്ന വിഭവങ്ങളാലൊരുക്കുന്ന കറികളാണ് ഓണവിഭവങ്ങൾ എന്നത് യാദൃശ്ചികമല്ല. ഒരു നാടിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളെയും ജീവിതക്രമങ്ങളെയും മാനസിക ശാരീരിക ആരോഗ്യത്തെയുമെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള വിഭവവൈവിധ്യതയും തനിമയുമുണ്ടായിരുന്നു നമ്മുടെ ഓണസദ്യയ്ക്ക്. ഊഞ്ഞാലിടുന്നതിനുള്ള കയർ മുതൽ ഓണക്കോടി വരെ നമ്മുടെ നാടിന്റെ ഉൽപ്പന്നമായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. മഞ്ഞപ്പട്ടുകോടി കുഞ്ഞുങ്ങൾക്കു കൊടുക്കുമ്പോൾ അതു നാടൻ തറിയിൽ വെള്ളനൂലിൽ നെയ്തെടുത്ത് മഞ്ഞൾ വെള്ളത്തിൽ മുക്കിയെടുത്തിരുന്നു എന്നു പറയുമ്പോൾ- നമ്മുടെ പൂർവ്വികരുടെ സ്വാശ്രയമനോഭാവം എത്ര കണ്ടുണ്ടായിരുന്നുവെന്നു നാം ആലോചിക്കണം.

ഇന്ന് നമുക്ക് എന്നും ഓണമാണ്. പണ്ടത്തെ മലയാളിക്ക് ഓണം ആണ്ടിലൊന്നേയുള്ളൂ. അത് എത്ര കണ്ട് പൊടിപൂരമായി ആഘോഷിക്കാമോ അത്രതന്നെ ആഘോഷിച്ചിരുന്നു. ഓണത്തിന് സവിശേഷമായ ചില കളികളുണ്ടായിരുന്നു, കേരളത്തിന്റെ മണ്ണിന്റെ മണവും ചെതവുമുള്ള കളികൾ. കുട്ടിയും കോലും, തലപ്പന്ത്, കബഡി തുടങ്ങിയുള്ള നാനാജാതി കളികളുടെ ശാസ്ത്രീയതയോടെ കിടപിടിക്കാൻ കഴിയുന്ന ഏത് കളികളാണുള്ളത്? കുട്ടിയും കോലും സമർത്ഥമായി കളിക്കാനറിയുന്നവൻ മികച്ച ക്രിക്കറ്റ് കളിക്കാരനെക്കാളും ഒരു പണത്തുക്കം മുന്നിൽ നിൽക്കും! തിരുവാതിരയും തുമ്പിതുള്ളലും കുടമൂത്തും തണങ്ങുവലിയും നിറയ്ക്കുന്ന താളക്കൊഴുപ്പിന് പ്രകൃതിയുടെ ശ്വാസഗതിയോടാണ് ബന്ധം.

ഓണം പൂർണ്ണമായും നമ്മുടേതായിരുന്നു. മലയാളിയുടെ സ്വന്തം അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും താളവും തഞ്ചവും ഗന്ധവുമായിരുന്നു നമ്മുടെ ഓണത്തിന്. മണ്ണിൽ നിന്ന് കാലുവലിച്ച് കൃഷിയിൽ നിന്ന് അകന്നുപോയ മലയാളിക്ക് സ്വാശ്രയബോധത്തിന്റെ ഉത്സവമായ ഓണം ഒരുക്കാൻ, ഓണമുണ്ണാൻ അയൽനാടുകളിൽ നിന്ന് അരിയും, പച്ചക്കറികളും പൂവും



## ...എന്ന് വായനക്കാർ

വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ എന്ന ആശയം പ്രചുരപ്രചാരം നേടുന്ന ഈ കാലഘട്ടത്തിൽ ഇത് സംബന്ധമായി ആധികാരികമായ അറിവ് പകരുന്നതായിരുന്നു. പഞ്ചായത്ത് രാജ് മാസികയുടെ ജൂലൈ ലക്കത്തിൽ ശ്രീ ടി ഷാഹുൽ ഹമീദ് പ്രസിദ്ധീകരിച്ച 'വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ' അസന്തുലിതാവസ്ഥയിലായി ലോക ക്രമം എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ലേഖനം. വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ നാലു തൂണുകളായ വിദ്യാഭ്യാസവും നൈപുണ്യവുമുള്ള ജനത, ഉയർന്ന ആധുനികസാങ്കേതികവിദ്യയുടെ ഉപയോഗം, നവീനമായ കാഴ്ചപ്പാടുകൾ ഗവേഷണം എന്നിവ ആദായമുണ്ടാക്കുന്ന പുതിയ ബിസിനസ് തന്ത്രങ്ങളായി മാറിയിരിക്കുന്നുവെന്നും ഈ മാറ്റങ്ങൾ ലോക സമ്പദ് വ്യവസ്ഥയെ വലിയ മത്സരത്തിലേക്ക് കൊണ്ട് പോകുന്നതായും ലേഖനത്തിലൂടെ സൂചിപ്പിക്കുന്നു. ലോകം ഇത്തരത്തിൽ സാങ്കേതികമായും അതിലൂടെ കൈവരിക്കുന്ന സാമ്പത്തിക നേട്ടത്തിലും വലിയതോതിൽ മുന്നേറ്റം നടത്തുമ്പോൾതന്നെ പുതിയ സാങ്കേതിക വിദ്യ അപ്രാപ്യമായ വലിയ ഒരു ജനസമൂഹവും ലോകത്തിലുണ്ട്. ഈ സാഹചര്യം സൃഷ്ടിക്കുന്ന അസമത്വം ഭാവിയിൽ ഉണ്ടാക്കിയേക്കാവുന്ന വലിയ അപകടവും അദ്ദേഹം തന്റെ ലേഖനത്തിലൂടെ എടുത്തുകാട്ടിയിട്ടുണ്ട്. വ്യക്തമായ സ്ഥിതിവിവരകണക്കുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലേഖനം അത്യന്തം ആകർഷണീയവും വിജ്ഞാനദായകവും ആയിരുന്നുവെന്ന് എടുത്തു പറയേണ്ടതില്ല. അതുപോലെ തന്നെ 'സുഗന്ധവാഹികളായ നാട്ടുപൂക്കളെല്ലാം നാടുവിട്ടുപോയോ?" എന്ന തലവാചകത്തിൽ ശ്രീ മുരളീധരൻ തഴക്കര പ്രസിദ്ധീകരിച്ച ലേഖനം പഴയകാലത്തെ നാട്ടിൻപുറത്തെ വിവിധങ്ങളായ നാട്ടുപൂക്കളെ കുറിച്ചും ഇത്തരം നാട്ടുചെടികളെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യത പുതതലമുറക്ക് മനസ്സിലാക്കുന്നതിനും അറിവ് പകരുന്നതിനും സാഹായിക്കുന്നതുതായിരുന്നു. ഉള്ളടക്കത്തിന്റെ സമ്പന്നതകൊണ്ടും എഴുത്തിന്റെ മനോഹാരിതകൊണ്ടും ലേഖനം അത്യന്തം ആകർഷകമായി. ചുരുക്കത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ ജൂലൈ ലക്കത്തിന്റെ ഉള്ളടക്കം മികച്ച നിലവാരം പുലർത്തി എന്നത് എടുത്തു പറയട്ടെ. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**രമ്യസുശീൽ**
തൃശ്ശൂർ

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഇലയും പലവ്യഞ്ജനങ്ങളും തുണിയും വരണം. മലനാടിന്റെ മക്കളായ മലയാളി കൈക്കൊണ്ട് മെയ്യനങ്ങി ഒന്നും ചെയ്യില്ല. അഥവ എന്തെങ്കിലും ചെയ്യുന്നെങ്കിൽ അത് കുന്നിടിച്ചും വയൽ നികത്തിയും മണ്ണിനെ കൊല്ലാനുള്ള-മണ്ണ് വിറ്റ് കാശാക്കാനുള്ള ശ്രമം മാത്രമായിരിക്കുന്നു. ഏറ്റവുമധികം ആന്റിബയോട്ടിക്ക് മരുന്നുകൾ വിറ്റഴിയുന്ന -പഞ്ചനക്ഷത്ര ആശുപത്രിയുടെ സംഖ്യാബലമേറുന്ന ദൈവത്തിന്റെ സ്വന്തം നാട്. ഏതാണ്ട് 40 ലക്ഷത്തോളം അതിഥി തൊഴിലാളികൾ പണിയെടുക്കുന്ന നാട്. ഓണത്തിന്റെ ഒരാഴ്ചക്കാലം കൊണ്ട് 624 കോടി രൂപയുടെ മദ്യം കുടിച്ചുവറ്റിച്ച സംസ്ഥാനം.

ഓണം എന്ന പേര് മാത്രമേ ഇപ്പോൾ നമ്മോടൊപ്പമുള്ളൂ. അതിന്റെ സത്ത പഴയനാട്ടിൻപുറത്തെ ഇല്ലാക്കൊമ്പത്തെ ഊഞ്ഞാലിൽ ആടാതെയിരിക്കുന്നു. നമുക്കാപേരു മാത്രം മതി- കേരളത്തിന്റെ ഏറ്റവും വിലപ്പെട്ട ബ്രാൻഡ് നെയിം. ഓണം നമുക്ക മുന്നിൽ വെയ്ക്കുന്നത് പുരാവൃത്തകഥ മാത്രമല്ല പ്രത്യാശയുടെ താക്കോൽ കൂടിയാണ്. ആഘോഷത്തിന്റെ പൊലിപ്പം പൊലിമയും ധാരാളിത്തവും കൂടുമ്പോഴാണോ ഉത്സവങ്ങൾ സാർത്ഥകമാകുന്നത്? ഇന്നിതാ ഓണം മലയാളിയുടെ മനസ്സിൽ നിന്നും കുടിയിറങ്ങി കമ്പോളത്തിന്റെ വർണ്ണപ്രഭയിൽ അലഞ്ഞുതിരിയുന്നു. ഓണംപോലും ഗൂഗിൾപേ ചെയ്താൽ ഓൺലൈനിൽ കിട്ടുമോയെന്ന അന്വേഷണത്തിലാണ് ഈ പുതിയകാലം.

പോയകാലത്തെ പൂമാല ചൂടിച്ച മഹാസങ്കല്പത്തിന്റെ വർണ്ണക്കുടകൾ നമ്മെ സംരക്ഷിക്കട്ടെ. അതിനെ തകർത്തുകളയുന്ന അതിന്റെ ശോഭ കെടുത്തുന്ന നന്മ നഷ്ടപ്പെടുത്തുന്ന മഹാവർഷപാതങ്ങളിൽ നിന്നും കഴിയുന്നത്ര വീണ്ടെടുക്കണം നമ്മുടെ ഓണത്തെ. ഓണം ചോർന്നുപോയാൽ ഓണത്തിന്റെ സ്വാശ്രയ സങ്കൽപ്പം നഷ്ടമായാൽ പിന്നെ മലയാളിയെവിടെ?

അതിനാൽ അടുത്ത ഓണത്തിനെങ്കിലും ഉപ്പേരി വറക്കുന്നതിനുള്ള ഒരു നേന്ത്രക്കുല നമ്മൾ നട്ടു നനച്ച് വളർത്തുന്ന നേന്ത്രവാഴയിൽ നിന്നും വിളവെടുക്കുന്നതാകണം. ഓണത്തിന് ഒരു പറ നെല്ല് കൊയ്തെടുക്കാൻ പാകത്തിൽ വീട്ടുവളപ്പിലെ ഏതെങ്കിലും ഒരു ഭാഗത്ത് ഇത്തിരി കരനെല്ല് നമുക്ക് കൃഷിചെയ്യാം. നമ്മുടെ കുഞ്ഞുങ്ങൾ നെല്ലും നെല്ലുവിളയുന്ന ചെടിയും നെല്ലിനിടയിലെത്തുന്ന കിളികളെയും അങ്ങനെയെങ്കിലും ഒന്നു കാണട്ടെ. രണ്ടുമൂട് മരച്ചീനിയും ചേനയും വെട്ടുചേമ്പും അത്യാവശ്യം കായ്കറികളും അടുക്കള മുറ്റത്തോടു ചേർന്നുതന്നെ ഓണം കണക്കാക്കി നട്ടുനനച്ചുവളർത്താം. ഓണസദ്യവിളമ്പുവാൻ തൂശനില മുറിച്ചെടുക്കുവാൻ ഒന്നു രണ്ടു പാളയങ്കോടൻ വാഴയോ ഞാലിപ്പൂവനോ കുഴിച്ചുവെയ്ക്കണം. ഇതിനൊക്കെ വേണ്ടിയുള്ള ലേശം അദ്ധ്വാനം ആരോഗ്യരക്ഷയ്ക്കുള്ള മരുന്നുകൂടിയാണ്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന കർമ്മപദ്ധതിയുടെ ഉദ്ദേശലക്ഷ്യവും ഇതു തന്നെയാണ്. മാത്രമല്ല, നമ്മുടെ അടുക്കളയിലെ മാലിന്യങ്ങൾ കവറിലാക്കി വഴിയോരത്ത് വലിച്ചെറിയാതെ ഈ വാഴച്ചുവട്ടിലിടാം. അത് വാഴക്ക് വളമായി മാറുകയും ചെയ്യും. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഓണത്തെ വീണ്ടെടുക്കുവാൻ ഇങ്ങനെയേ നമുക്കു കഴിയൂ. ആഘോഷങ്ങളുടെ നിയോൺ വെളിച്ചത്തിൽ വിപണി ബ്രാൻഡ് അംബാസിഡറാക്കി വികൃതമാക്കിയ മഹാബലി ചക്രവർത്തിയെ മോചിപ്പിക്കുവാനും ഇതാണ് മാർഗ്ഗം. □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

## പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) August 2022
Annual Subscription ₹120, Published on 20 August 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS